വിജ്ഞാനോത്സവം 2020

2020 ഡിസംബർ 1

കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

# യുറീക്ക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില : ₹ 17.00



# യുറീക്കയോട് ചോദിക്കൂ...

നിങ്ങളുടെ സംശയങ്ങൾ
യുറീക്കയ്ക്ക് അയയ്ക്കൂ.
അവയ്ക്ക് വിദഗ്ധർ
ഈ പംക്തിയിലൂടെ
ഉത്തരം നൽകും.

---

## വൈകുന്നേരമാവുമ്പോൾ ചെടികൾ വാടുന്നത് എന്താണ് ?



**സത്രുഷ എസ്,**
5 എ, ജി വി ജി എച്ച് എസ് എസ്,
ചിറ്റൂർ 678101

സ്കൂളിൽ നിന്ന് കളിയൊക്കെ കഴിഞ്ഞ് വീട്ടിൽ എത്തുമ്പോഴേക്കും ചിലപ്പോൾ ക്ഷീണിച്ച് പോകാറില്ലേ. അതുപോലെ ചില ചെടികളുടെ ഇലകൾ വൈകുന്നേരമാവുമ്പോഴേക്കും വാടിത്തുടങ്ങും. പക്ഷേ, ചെടികൾ കളിച്ച് ക്ഷീണിച്ച് ഒന്നുമല്ല വാടിപ്പോകുന്നത്. ചെടികളിലെ ചില ജൈവരാസ പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ സ്വാഭാവിക വാട്ടം.

റോഡിന്റെ വശങ്ങളിലെ ചില തണൽ വൃക്ഷങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ഒരു മരത്തെ ഒന്ന് പരിചയപ്പെടുത്താം. പേര് ഉറക്കംതൂങ്ങി മരം, അല്ലെങ്കിൽ അഞ്ചുമണി മരം, ചീനിമരം, മഴമരം എന്നൊക്കെ പറയും. ശാസ്ത്രനാമം : *സമേനിയ സമൻ (Samanea saman).* സസ്യകുടുംബം : *ഫാബേസീ (Fabaceae).*

ഈ മരത്തിന്റെ ഓരോ ഇലത്തണ്ടിൽ നിന്നും ഏതാണ്ട് 6 മുതൽ 10 വരെ കുഞ്ഞിലകൾ വളർന്നു നിൽക്കുന്നത് കാണാം. ഇവയൊക്കെ വൈകുന്നേരമാകുമ്പോഴേക്കും വാടി താഴോട്ട് തൂങ്ങിയിരിക്കും. പകൽസമയമത്രയും വിടർന്നിരിക്കുന്ന ഇലകൾ സൂര്യപ്രകാശവും ചൂടും കുറയുമ്പോൾ ക്രമേണ വാടിത്തുടങ്ങും. വളരെ പതുക്കെ നടക്കുന്ന ഒരു പ്രവർത്തനമാണിത്. (നിരീക്ഷിച്ചു നോക്കൂ.)

ഒന്നു രണ്ടു മണിക്കൂറുകൾ കൊണ്ട് എല്ലാ കുഞ്ഞിലകളും താഴോട്ട് തൂങ്ങിയിരിക്കും. അമ്മയുടെ മടിയിൽ നിന്നും കൊച്ചുകുട്ടികൾ ഉറങ്ങിത്തൂങ്ങുന്നതുപോലെ. അതുകൊണ്ടാകാം ഇതിനെ ഉറക്കംതൂങ്ങി മരം എന്ന് വിളിക്കുന്നത്. ഒരു മഴയും കൂടി പെയ്താൽ ഇലകൾ പകൽ സമയത്തു തന്നെ ഉറങ്ങിത്തൂങ്ങും.

ഇങ്ങനെ ഇലകൾ വാടുന്നതിനെ നിക്റ്റിനാസ്റ്റിക്ക് ചലനങ്ങൾ (Nyctinastic movements) എന്നു പറയുന്നു. ഇത്തരം ചലനങ്ങൾ കാണിക്കുന്ന ചെടികളുടെ ഇലഞെട്ട് അൽപം വീർത്തിരിക്കുന്നത് കണ്ടിട്ടുണ്ടോ. ഇവയെ പൊതുവെ പൾവൈനസ് എന്നു പറയുന്നു. ഇവ ഇലകളെ വിടർന്നു നിൽക്കാനും താഴോട്ട് കൂമ്പി നിൽക്കാനും സഹായിക്കുന്നു.

പൾവൈനസിന് ഒരു മേൽ അറയും ഒരു കീഴറയും ഉണ്ട്. അതിലൂടെയുള്ള കോശരസങ്ങളുടെ പ്രവാഹവും ഇലയുടെ ചലനത്തിന് സഹായിക്കുന്നു. കൂടാതെ ഇലകളിൽ ചിലയിനം ഫൈറ്റോക്രോം (Phytochrome) എന്നറിയപ്പെടുന്ന വർണ വസ്തുക്കൾ കാണപ്പെടുന്നു. ഇവ സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ പ്രവർത്തനക്ഷമമാകുന്നവയാണ്. ഇവ ഇലയിലേക്കുള്ള ജലത്തിന്റെ വരവിനെ സഹായിക്കുന്നു .

അതായത് പകൽസമയത്ത് ഇലയിലേക്ക് ജലം എത്തുന്നത് മൂലം ഇല നിവർന്നു നിൽക്കുന്നു. എന്നാൽ വൈകുന്നേരമാകുമ്പോഴേക്കും സൂര്യപ്രകാശം കുറയുന്നതു മൂലം ഇലകളിൽനിന്ന് ജലം തിരികെ തണ്ടിലേക്ക് നീക്കപ്പെടുകയും ചെയ്യുന്നു. തുടർന്ന് ഇല വാടുന്നു. അതായത് ജലത്തിന്റെ കുറവുമൂലം ഇലയ്ക്ക് നിവർന്നു നിൽക്കാൻ കഴിയാതെ വരുന്ന അവസ്ഥ. ഇത്തരം ചലനങ്ങൾ ചെടികളുടെ ജീവിതതാളവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

(തയ്യാറാക്കിയത്: ഇ.രാജൻ)

2020
ഡിസംബർ 1
വാല്യം: 42
ലക്കം: 13

# യുറീക്ക
കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. കൺമണീസ് ഓഫ് നിക്കോളാസ് വിന്റൺ : പി കെ സുധി
10. കുഞ്ഞാപ്പികൾ ഉണ്ടാവുന്നത് ഇ എൻ ഷീജ
16. തന്മാത്രകൾ ഇല്ലാത്ത പദാർത്ഥങ്ങൾ : പുനഃ ഡോ.സംഗീത ചേനംപുല്ലി

## വിജ്ഞാനോത്സവ വിശേഷം

20. നീലി കലിപ്പിലാണ് : വി വിനോദ്

## കഥ

14. ഒന്നുല്യാത്ത കഥ : ശിവപ്രസാദ് പാലോട്
18. താളപ്പിഴകൾ : രാജേശ്വരി തോന്നക്കൽ
32. രാമാസേട്ടന്റെ കഥ; എന്റേതും : പി വി സന്തോഷ്

## കവിത

13. എങ്ങ് : സിസ്റ്റു എൻ പി
19. കുഞ്ഞിക്കാറ്റ് : പ്രേമജ ഹരീന്ദ്രൻ
35. മരമൊത്ത സുന്ദരം : മധു ആലമ്പടമ്പ്

## നോവൽ

28. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ



## പംക്തികൾ

2. യുറീക്കയോട് ചോദിക്കൂ
22. കാഴ്ചപ്പുറം
24. ഞാറ്റടി
26. തട്ടീം മുട്ടീം
30. കടങ്കവിത
31. വരേം കുറീം
36. പീക്കിരി.ഇൻ
40. യു.മെയിൽ
42. സമ്മാനച്ചോദ്യം
    തെരഞ്ഞെടുത്ത രചനകൾ


## കവർ

പ്രശാന്തൻ മുരിങ്ങേരി





വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.

**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ്
(എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു,
ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ,
ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി,
പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ,
എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

"കോച്ചേരിൽ രാമൻ നാരായണൻ എന്ന് കേട്ടിട്ടുണ്ടോ നിങ്ങൾ?" ചങ്ങാതിക്കൂട്ടത്തിന് മുന്നിലേക്ക് ഞാനൊരു ചോദ്യമെറിഞ്ഞു. എല്ലാവരും പരസ്പരം നോക്കി. പിന്നെ എന്റെ നേരെ നോക്കി ഇല്ലെന്ന് തല കുലുക്കി.

"അത് മോശമായി ട്ടോ. ഇത്രയും പ്രഗത്ഭനായ ഒരാളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടേ ഇല്ലെന്നോ."

"ഒരു ക്ലൂ തരുമോ മാമാ.." നാൻസി പതിവു നമ്പറുമായി പുറകെ കൂടി.

"ക്ലൂ ഒന്നും തരില്ല. ഇതറിയില്ലെങ്കിൽ നാണക്കേടാണേ." ഞാൻ അവരെ പ്രകോപിപ്പിക്കാൻ ശ്രമിച്ചു.

"പ്ലീസ് മാമാ... പ്ലീസ്.." ഇത്തവണ ജോവിൻസാണ്. അവൻ എന്റെ ഷർട്ടിന്റെ അറ്റത്ത് പിടിച്ചുവലിക്കാൻ തുടങ്ങി.

"ആട്ടെ, കെ ആർ നാരായണൻ എന്ന് പറഞ്ഞാലോ?"

"അത്... രാഷ്ട്രപതി ആയിരുന്ന ആളല്ലേ.." വലിയ ഉറപ്പില്ലാത്ത മട്ടിൽ മടിച്ചു മടിച്ചാണ് അസ്മ പതിയെ പറഞ്ഞത്.

"ഉം മടിക്കണ്ട. ഉറപ്പിച്ചുതന്നെ പറഞ്ഞോളൂ. ഇന്ത്യയുടെ പത്താമത് രാഷ്ട്രപതിയായിരുന്നു അദ്ദേഹം. കേരളത്തിന് എന്നുമെന്നും അഭിമാനിക്കാൻ കഴിയുന്ന ഒരു വ്യക്തി. ഇന്ത്യ കണ്ട പ്രഗത്ഭരായ രാഷ്ട്രപതിമാരിൽ ഒരാൾ. ഏറ്റവും പ്രഗത്ഭനായ എന്നും പറയാൻ മടിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ ജന്മശതാബ്ദിയായിരുന്നു ഇക്കഴിഞ്ഞ ഒക്ടോബർ 27 ന്. വലിയതോതിൽ നടക്കേണ്ടിയിരുന്ന ഒരു ആഘോഷം."

"ജന്മശതാബ്ദിയോ? ആഘോഷങ്ങളില്ലാത്തത് കോവിഡ് ആയതുകൊണ്ടാണോ? പക്ഷേ, അദ്ദേഹത്തെക്കുറിച്ച് പത്രങ്ങളിലൊന്നും അങ്ങനെ എഴുതിക്കണ്ടില്ലല്ലോ മാമാ."

"അതാണ് കൂട്ടുകാരേ നമ്മുടെ ലോകം. മൂല്യമുള്ളതിനെ തിരിച്ചറിയാൻ കഴിയാത്ത, പൊയ്മുഖങ്ങളെ കെട്ടി എഴുന്നള്ളിക്കുന്ന ലോകം. അല്ല, അദ്ദേഹത്തെ സംബന്ധിച്ച് ഇതൊന്നും അത്ര വലിയ കാര്യമല്ല. കാരണം കയ്പുനീര് കുടിച്ചാണ് അദ്ദേഹം വളർന്നതുതന്നെ. അവഗണനയുടെയും അടിച്ചമർത്തലിന്റെയും കഥകളേ അദ്ദേഹത്തിന്റെ ആദ്യകാലജീവിതത്തിനു പറയാനുള്ളൂ."

"അതെന്താ അങ്ങനെ. കുഞ്ഞുനാളിൽ അദ്ദേഹത്തിന് ആരുമില്ലായിരുന്നോ?" അജീഷ് സംശയം പ്രകടിപ്പിച്ചു.

"രക്ഷിതാക്കളുണ്ടായതുകൊണ്ടുമാത്രം കാര്യമില്ലല്ലോ

# മറക്കാൻ പാടില്ല
# കോച്ചേരിൽ രാമൻ നാരായണനെ

അജീഷേ... കോട്ടയം ജില്ലയിലെ ഉഴവൂർ എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. പുലയസമുദായത്തിൽ പെട്ടവരായിരുന്നു അച്ഛനും അമ്മയും. കോച്ചേരിൽ രാമൻ വൈദ്യരുടെയും പാപ്പിയമ്മയുടെയും ഏഴുമക്കളിൽ നാലാമനായിരുന്നു നാരായണൻ. 1920 ൽ ആയിരുന്നു ജനനം. അക്കാലത്ത് പുലയസമുദായത്തിൽ പെട്ടവരോടൊക്കെ എങ്ങനെയായിരുന്നു നമ്മുടെ നാട്ടിൽ പെരുമാറിയിരുന്നതെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ എന്ന കുമാരനാശാന്റെ കവിതയൊക്കെ അറിയാമല്ലോ, അല്ലേ? കടുത്ത ദാരിദ്ര്യം. അതോടൊപ്പം സമൂഹത്തിന്റെ മുഴുവൻ അവജ്ഞ. എങ്കിലും നാരായണൻ പഠിച്ചു. പതിനെട്ട് കിലോമീറ്ററോളം നടന്നാണത്രേ ദിവസവും സ്കൂളിൽ പോയിരുന്നത്. പുസ്തകം വാങ്ങാൻ പണവുമുണ്ടായിരുന്നില്ല."



"പതിനെട്ട് കിലോമീറ്ററോ...! എന്റമ്മോ..." ഫസീല തലയിൽ കൈ വെച്ചു.

"അത്രയും നടന്നു എന്നു മാത്രമല്ല, നാരായണൻ പല ദിവസവും ക്ലാസിന് പുറത്തു നിന്ന് കേട്ടു പഠിക്കുകയായിരുന്നു."

"അതെന്താ ഹോംവർക്ക് ചെയ്യാഞ്ഞിട്ടാ?" നാൻസിക്ക് സംശയം.

"അല്ല, അത് നിന്റെ കാര്യമല്ലേ. ഇത് ഫീസ് കൊടുക്കാൻ കഴിയാത്തതുകൊണ്ടാ." ഞാനവളെ കളിയാക്കി. "പക്ഷേ, എല്ലാറ്റിനേയും വകഞ്ഞുമാറ്റി നാരായണൻ പഠിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഒന്നാം റാങ്കോടുകൂടിയാണ് ബിരുദപഠനം പൂർത്തിയാക്കിയത്. പിന്നീട് പത്രപ്രവർത്തകനായി മാറിയ നാരായണന് പ്രമുഖ വ്യവസായിയായ ജെ ആർ ഡി ടാറ്റയാണ് വിദേശത്ത് പോയി പഠിക്കാൻ സ്കോളർഷിപ്പ് നൽകിയത്. അങ്ങനെ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ചേർന്നു പഠിച്ചു. നാരായണന്റെ കഴിവുകൾ മനസ്സിലാക്കിയ ജവഹർലാൽ നെഹ്റു അദ്ദേഹത്തെ വിദേശകാര്യ വകുപ്പിൽ നിയമിച്ചു. പിന്നീട് വിവിധ രാജ്യങ്ങളിൽ അംബാസിഡറായും കേന്ദ്രമന്ത്രിസഭയിൽ വിവിധ വകുപ്പുകളുടെ മന്ത്രിയായും ഉപരാഷ്ട്രപതിയായുമൊക്കെ അദ്ദേഹം പ്രവർത്തിച്ചു.1997 ലാണ് ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടാവുന്നത്."

"ഹോ, വിശ്വസിക്കാനാവുന്നില്ല. എത്ര മോശമായ സാഹചര്യങ്ങളിൽ നിന്നാണല്ലേ അദ്ദേഹം വലിയ ആളായി വളർന്നത്." അതുപറയുമ്പോൾ ഫസീലയുടെ കണ്ണുകളിൽ അത്ഭുതം നിറഞ്ഞു നിന്നു.

"ഒറ്റ കാര്യം കൂടി പറഞ്ഞ് ഞാനവസാനിപ്പിക്കുകയാ. മറ്റു പലരും ചെയ്തതുപോലെ, കേവലമായി പ്രസിഡന്റ് എന്ന സ്ഥാനത്തിരിക്കുകയല്ല അദ്ദേഹം ചെയ്തത്. ഓരോ പ്രശ്നത്തെയും സൂക്ഷ്മമായി വിശകലനം ചെയ്ത് കൃത്യമായ തീരുമാനത്തിലേക്കെത്തുകയായിരുന്നു അദ്ദേഹം . രാജ്യത്തിന്റെ ഭരണഘടനയേയും ഉത്തമതാൽപര്യങ്ങളേയും അദ്ദേഹം മറ്റെല്ലാറ്റിനും മുകളിൽ കണ്ടു. അത്തരം കാര്യങ്ങളൊക്കെ നിങ്ങൾ അന്വേഷിച്ച് കണ്ടുപിടിക്ക്. നമുക്ക് അടുത്ത ആഴ്ച ഈ ചർച്ച തുടരാം. എനിക്കിപ്പോൾ ഇത്തിരി എഴുതാനുണ്ട്. എന്താ അങ്ങനെയല്ലേ?"

"ശരി മാമാ.." കുട്ടിക്കൂട്ടം എന്റെ ലൈബ്രറിമുറിയിലേക്ക് ഓടി.

**യുറീക്കാമാമൻ**



168
SATISH

# കൺമണീസ് ഓഫ് നിക്കോളാസ് വിന്റൺ



**പി കെ സുധി**

ചിത്രീകരണം: കെ.സതീഷ്

## 2009 പ്രാഗ്

യൂറോപ്പിലെ ചെക്കോസ്ലാവാക്കിയയുടെ തലസ്ഥാനമാണ് പ്രാഗ്. അവിടെ നിന്നും രണ്ടായിരത്തി ഒൻപത് സെപ്തംബർ ഒന്നാം തീയതി ഒരു തീവണ്ടി ബ്രിട്ടന്റെ തലസ്ഥാനമായ ലണ്ടനിലേയ്ക്ക് യാത്ര തിരിച്ചു. അതൊരു ചെറിയ വണ്ടിയായിരുന്നു. ഒന്നു രണ്ടു ബോഗികളും ഒരു പഴഞ്ചൻ ആവി എഞ്ചിനും മാത്രമുള്ള ഒരു കുഞ്ഞിത്തീവണ്ടി. ഇതാ ഒരു  ഓർമത്തീവണ്ടി വഴിതെറ്റിവരുന്നു. എന്താണ് വിശേഷം? കണ്ടമാത്രയിൽ എല്ലാവരും അതിനെ നോക്കി നിന്നു. അതിവേഗവണ്ടികളോട്ടുന്ന യൂറോപ്പിലെ തിരക്കുള്ള പാളങ്ങളിലൂടെ നമ്മുടെ കുഞ്ഞൻ ഓർമവണ്ടി കിതച്ചുകിതച്ചോടി, സാവധാനത്തിൽ.

പാവമൊരു വണ്ടി. അതിന്റെ ഉള്ളു നിറയെ ഓർമകളായിരുന്നു. പണ്ടത്തെ മാതിരി സങ്കടങ്ങളും. എന്നാലും തന്റെ  കർത്തവ്യനിർവഹണത്തിൽ ശ്രദ്ധാപൂണ്ട് തുമ്മിയും ചീറ്റിയും അത് ബ്രിട്ടനിലേയ്ക്ക് നീങ്ങി. അതിലെ യാത്രക്കാർക്ക് നോവുമാത്രമേ ഉണ്ടായിരുന്നുള്ളൂ. അച്ഛനും അമ്മയും ഉടപ്പിറപ്പുകളും നഷ്ടമായ ഓർമകളിൽ അവർ വീണ്ടും കരയാതെ കരഞ്ഞു.

## 1939 പ്രാഗ്

എഴുപത് വർഷങ്ങൾക്ക് മുമ്പ് ആയിരത്തി തൊള്ളായിരത്തി മുപ്പതിയൊൻപത് സെപ്റ്റംബർ ഒന്നാം തീയതി. പ്രാഗിൽ നിന്നും 60163 നമ്പരുള്ള ആവിത്തീവണ്ടി ലണ്ടനിലേയ്ക്ക് പോകാനൊരുങ്ങി നിൽക്കുന്നു. ഞാൻ പൊയ്ക്കോട്ടേ! എനിക്ക് നിരവധി രാജ്യങ്ങൾ കടന്നുവേണം ലക്ഷ്യത്തിലെത്താൻ. അതു അക്ഷമനായി പലതവണ ചൂളം വിളിച്ചു.

വണ്ടിയ്ക്കുള്ളിലുണ്ടായിരുന്നത്  കുട്ടികളായിരുന്നു. ഇരുന്നൂറ്റിയൻപത് പേർ. ആ ജൂതക്കുട്ടികൾ എങ്ങുമെത്തിയില്ല. ഓട്ടത്തിനുള്ള സിഗ്നൽ കിട്ടുന്നതിനു മുമ്പ് ദൗർഭാഗ്യം വണ്ടിയിൽ മാത്രമല്ല യൂറോപ്പിലെമ്പാടും വീണു. ഹിറ്റ്ലർപ്പട പോളണ്ടിൽ കടന്നു. രണ്ടാം ലോകയുദ്ധം തുടങ്ങി. രാജ്യങ്ങളുടെ അതിർത്തികൾ അടഞ്ഞു. വണ്ടിയോട്ടം നിലച്ചു. ലണ്ടനിലേയ്ക്കുള്ള ഒൻപതാമത്തെ വണ്ടിയിലെ ആ കുട്ടികളിൽ രണ്ടുപേർ മാത്രം വംശീയക്രൂരതയിൽ നിന്നും എങ്ങനെയോ രക്ഷപ്പെട്ടു. ബാക്കി പേർ ഏതോ നാസി തടങ്കൽപ്പാളയത്തിൽ എരിഞ്ഞടങ്ങി.

ആ പുറപ്പെടാ വണ്ടിയുടെ പുനരോട്ടമായിരുന്നു രണ്ടായിരത്തി ഒൻപതിൽ വീണ്ടും അരങ്ങേറിയത്. അതിനുള്ളിലെ യാത്രികർ 'നിക്കോളാസ് വിന്റണിന്റെ കുഞ്ഞുങ്ങൾ' എന്ന പേരിൽ പ്രസിദ്ധരായ ആ അറുനൂറ്റി അറുപത്തിയൊൻപതു പേരിൽ ചിലരായിരുന്നു. എഴുപതു വർഷങ്ങൾക്കു മുമ്പുള്ള മങ്ങിയ ഓർമകളിൽ അവരുടെ മനസ്സ് തുടിച്ചു.

അന്ന് യുദ്ധത്തിനു തൊട്ടുമുമ്പ് മാർച്ചിനും ആഗസ്റ്റിനുമിടയിൽ എട്ടു വണ്ടികളിലായി പ്രാഗിൽ നിന്നും കണ്ണീരുമായി രക്ഷപ്പെട്ടവരായിരുന്നു അവർ. അവർക്ക് ഒന്നുമറിയില്ലായിരുന്നു. തങ്ങൾ എവിടേയ്ക്ക് പോകുന്നു? അച്ഛനമ്മമാരെയും ബന്ധുമിത്രാദികളെയും വീണ്ടും കാണാൻ കഴിയുമോ? ആരാണ് തങ്ങളെ ഇവിടെ നിന്നും രക്ഷപ്പെടുത്തുക? അവരുടെ കണ്ണീർക്കണ്ണിൽ കാഴ്ചകളൊന്നും പതിഞ്ഞില്ല. അവരുടെ വിങ്ങുന്ന മനസ്സിൽ ഒന്നും വിരിഞ്ഞില്ല.

## 1988 ലണ്ടൻ

സംഭവത്തിന്റെ അടുത്ത ഖണ്ഡം നടന്നത്

ആയിരത്തി തൊള്ളായിരത്തി എൺപത്തിയെട്ടിൽ ലണ്ടനിലാണ്. നിക്കോളാസ് വിന്റണിന്റെ അമ്പതുവർഷം പഴക്കമുള്ള ചില പഴയ കടലാസുകൾ അദ്ദേഹത്തിന്റെ ഭാര്യയുടെ കൈയിൽ വന്നുപെട്ടു. ചെക്കോസ്ലാവാക്കിയയിലെ കുറെ ജൂതക്കുട്ടികളുടെ പേരു വിവരങ്ങൾ, ഫോട്ടോകൾ, ബ്രിട്ടനിൽ അവരെ ദത്തെടുത്തവരുടെ വിലാസങ്ങൾ.

ഇതെന്താണ്? ഒരു വൈമാനികനായി വിരമിച്ച തന്റെ ഭർത്താവിന് ഈ കുട്ടികളുമായി എന്തു ബന്ധം? ഇതെവിടെ നിന്നു കിട്ടി? അന്വേഷണത്തിന്റെ തുടക്കത്തിൽ ആ രേഖകളെ മുഴുവനും കുപ്പയിൽ കളയാനാണ് വിന്റൺ ഭാര്യയോടാവശ്യപ്പെട്ടത്.

അത് അയാൾ രക്ഷപ്പെടുത്തിയ അറുന്നൂറ്റി അറുപത്തിയൊൻപത് ജൂതക്കുഞ്ഞുങ്ങളുടെ ജാതകമായിരുന്നു. വിന്റൺ ഇത്രയും കാലം ഒളിച്ചു വച്ചിരുന്ന വലിയ രഹസ്യം അമ്പതു വർഷത്തിനു ശേഷം വെളിച്ചം കണ്ടു. ആ എൺപത്തിയെട്ടുകാരൻ തന്റെ വലിയ മനസ്സ് തുറന്നു.

സംഗതി വലിയ വാർത്തയായി. 'നിക്കോളാസ് വിന്റണിന്റെ കുഞ്ഞുങ്ങ'ളിൽ ശാസ്ത്രജ്ഞരുണ്ടായിരുന്നു. ഇംഗ്ലീഷുകാരുടെ വീടുകളിൽ താമസിച്ച ചിലർ വളർന്നു കവികളായി. പിന്നെ സിനിമാപ്രവർത്തകർ, പൊതുപ്രവർത്തകർ അങ്ങനെ ആ ജൂതക്കുട്ടികൾ ലോകത്തിനെ സമ്പന്നമാക്കി.

അവരെല്ലാം തങ്ങളുടെ രക്ഷകനെ കാണാനെത്തി. തികച്ചും വൈകാരികമായിരുന്നു ഒത്തുകൂടൽ. തുടക്കത്തിൽ അവർക്ക് പരസ്പരം അറിയില്ലായിരുന്നു. 'നിക്കോളാസ് വിന്റണിന്റെ കുഞ്ഞുങ്ങ'ളായിരുന്ന മിക്ക അപ്പൂപ്പനമ്മൂമ്മമാരുടെയും ഓർമകളിൽപ്പോലും തങ്ങളുടെ രക്ഷകനായ നിക്കോളായുടെ രൂപം ഉണ്ടായിരുന്നില്ല. പലായന കാലത്തിലെ പഴയ തിരിച്ചറിയൽ കാർഡുകളുടെ സഹായത്താൽ അവരെല്ലാം ആദ്യമായി പരസ്പരം കണ്ടു.

സമാനതകളില്ലാത്ത മനുഷ്യസ്നേഹത്തിന്റെ പേരിൽ നിരവധി അംഗീകാരങ്ങൾ നിക്കോളാസ് വിന്റണിനെ തേടിയെത്തി. അതിൽ ചെക്കോസ്ലാവാക്കിയുടെ പരമോന്നത ബഹുമതിയും ഉൾപ്പെട്ടു. അതിവിശിഷ്ടമായ ജീവകാരുണ്യ പ്രവർത്തനത്തിന് നൊബേൽ സമ്മാനത്തിന് വിന്റണിനെ ശുപാർശ ചെയ്തു. സൗരയൂഥത്തിലെ ചിന്നഗ്രഹമായ 19384 ന് വിന്റൺ എന്നു പേരിട്ടു മാനിച്ചു.

## 1938 ചെക്കോസ്ലാവാക്കിയ

ഇനി ആയിരത്തിതൊള്ളായിരത്തി മുപ്പത്തിയെട്ടിൽ നടന്നത് എന്താണെന്നു നോക്കാം. ഇരുപത്തിയെട്ടുകാരനായ നിക്കോളാസ് വിന്റൺ ചെക്കോസ്ലാവാക്കിയയിൽ എത്തിയത് ചില ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. അയാൾ സ്റ്റോക്ക് എക്സേഞ്ചിൽ ജോലി ചെയ്തിരുന്നു.

യൂറോപ്പിലെ മറ്റുഭാഗങ്ങളിലെ പോലെ അവിടെയും ജൂതന്മാർ വംശീയമായി ആക്രമിക്കപ്പെടുകയായിരുന്നു. ജൂതക്കുട്ടികൾ ഹിറ്റ്ലറുടെ തടങ്കൽപ്പാളയത്തിൽ ചെന്നു വീഴാതിരിക്കാൻ ചില മാനുഷിക പ്രവർത്തനങ്ങൾ അവിടെ നടന്നിരുന്നു. പിഞ്ചുകുഞ്ഞുങ്ങളെ രക്ഷപ്പെടുത്താനുള്ള പരിപാടികളിൽ അദ്ദേഹവും പങ്കുചേർന്നു. സാധാരണക്കാരുടെ കുട്ടികളെ രക്ഷപ്പെടുത്തി ഇംഗ്ലണ്ടിലെത്തിക്കുന്ന 'ചൈൽഡ് ട്രാൻസ്പോർട്ടേഷൻ' പദ്ധതിയിൽ അതുൾപ്പെട്ടു.

ചുരുങ്ങിയ സമയം മാത്രമേ മുന്നിലുള്ളൂ. വിന്റൺ അക്ഷീണം യത്നിച്ചു. ഇംഗ്ലണ്ടിൽ ഈ കുട്ടികൾക്ക് വേണ്ട പോറ്റച്ഛന്മാരെയും പോറ്റമ്മ


യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി
വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം
www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.
സ്കാൻ ചെയ്യൂ, വരിക്കാരാകൂ
വാർഷിക വരിസംഖ്യ
യുറീക്ക– ₹ 300 ശാസ്ത്രകേരളം– ₹ 200 ശാസ്ത്രഗതി– ₹ 200
ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

മാരെയും കണ്ടെത്തുന്നതിൽ സ്വന്തം അമ്മയുടെ സഹായം ലഭിച്ചു. ചുറ്റിലും അയാളെ നിരീക്ഷിച്ച് ജർമൻ രഹസ്യപ്പോലീസ് ആയ ഗെസ്റ്റപ്പോകളുണ്ടായിരുന്നു. ജീവൻ പണയം വച്ചായിരുന്നു വിന്റൺ പ്രവർത്തിച്ചത്.

അഞ്ചു മാസക്കാലയളവിനുള്ളിൽ അനാഥക്കുഞ്ഞുങ്ങളുമായി എട്ട് തീവണ്ടികൾ ലണ്ടനിലേയ്ക്ക് കുതിച്ചു. കുട്ടികളെ നിറച്ച അവസാന വണ്ടിക്ക് മാത്രം പ്രാഗിൽ നിന്നും പുറപ്പെടാനായില്ല.

ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ നിക്കോളാസ് വിന്റൺ പട്ടാളസേവനം നടത്തി. തികച്ചും സാധാരണക്കാരനായി തുടർകാലം കഴിച്ചു കൂട്ടി.

ഉള്ളിലൊളിപ്പിച്ച രഹസ്യങ്ങൾ പുറത്തായതോടെ അദ്ദേഹം ആരാധ്യനായി. നിരവധി ഡോക്യുമെന്ററികൾ, സിനിമകൾ എന്നിവ നിക്കോളാസ് വിന്റണിന്റെ ജീവിതത്തെ അധികരിച്ചുണ്ടായി.




## 2015 ലണ്ടൻ

നൂറ്റിയാറാമത്തെ വയസ്സിൽ 2015 ലാണ് കുട്ടികളുടെ സ്വന്തം രക്ഷകൻ നിക്കോളാസ് വിന്റൺ മരണമടഞ്ഞത്. പ്രാഗിൽ അദ്ദേഹത്തിന്റെ പ്രതിമയുണ്ട്. വിഷയം മറ്റൊന്നുമല്ല. തോളിൽ മയങ്ങുന്ന കുട്ടി തന്നെ.

നമ്മുടെ നാടും ഏതാണ്ട് അസ്വസ്ഥമായി തുടങ്ങിയിരിക്കുന്നു. മതവും ജാതിയും നോക്കി മനുഷ്യനെ തിന്നുന്ന കാലമെത്തിയോ? അങ്ങനെ തോന്നിപ്പിക്കുന്ന സംഭവങ്ങൾ തുടർച്ചയായി ഉണ്ടാകുന്നു. നിങ്ങൾ നിക്കോളാസ് വിന്റൺ എന്ന് ഇന്റർനെറ്റിൽ തിരഞ്ഞു നോക്കുക.

ആ വലിയ മനുഷ്യസ്നേഹിയെ കുറിച്ചുള്ള ഡോക്യുമെന്ററി നെറ്റിൽ കാണുക. 'മൈ ട്രെ യിൻ ടു ഫ്രീഡം' എന്ന പുസ്തകവും അവിടെയുണ്ട്. 'സ്വാതന്ത്ര്യത്തിലേയ്ക്കുള്ള എന്റെ തീവണ്ടി: നാസി ജർമനിയിൽ നിന്നുള്ള ഒരു ജൂതക്കുട്ടിയുടെ യാത്ര' എന്ന പുസ്തകം എഴുതിയത് ഇവാൻ ബേക്കർ ആണ്. അദ്ദേഹവും നിക്കോളാസ് വിന്റണിന്റെ ഒരു കൺമണിയാണ്. സങ്കടത്തോടെയല്ലാതെ അതിലൂടെയൊക്കെ നമുക്ക് കടന്നുപോകാനാവില്ല.

നിക്കോളാസ് വിന്റൺ 'ഇംഗ്ലണ്ടിലെ ഷിന്റ്ലർ' എന്നാണ് അറിയപ്പെടുന്നത്. ആരാണപ്പോൾ ഷിന്റ്ലർ? അതു കണ്ടുപിടിക്കണം. കുട്ടികളെ ബാലവേലയിൽനിന്നും രക്ഷിക്കാനായി പ്രവർത്തിച്ച് നൊബേൽ സമ്മാനം ലഭിച്ച നമ്മുടെ സ്വന്തം കൈലാസ് സത്യാർത്ഥിമാമനെ കുറിച്ചും വായിക്കണം.

*നിക്കോളാസ് വിന്റൺ– രണ്ട് ലഘു വീഡിയോകൾ*

# കുഞ്ഞാപ്പികൾ ഉണ്ടാവുന്നത്



**ഇ എൻ ഷീജ**

ചിത്രീകരണം: കെ.സതീഷ്

"അമ്മേ.. അമ്മേടേം അച്ഛന്റേം കല്യാണ ആൽബത്തിലും വീഡിയോയിലുമൊന്നും കുഞ്ഞാപ്പീടെ ഒറ്റ ഫോട്ടോയുമില്ല.. കുഞ്ഞാപ്പിയെക്കൂടാതെ രണ്ടാളും ഫോട്ടോ എടുത്തു ല്ലേ. രണ്ടാളോടും കുഞ്ഞാപ്പി മിണ്ടില്ല."

"അയ്യോ പെണ്ണങ്ങല്ലേ.. അമ്മേടെ കുഞ്ഞാപ്പി അന്ന് ജനിച്ചിട്ടില്ലല്ലോ .. അതോണ്ടല്ലേ ഫോട്ടോയില് കാണാത്തത്.."

"അപ്പോ കുഞ്ഞാപ്പി ജനിക്ക്ണേനും മുമ്പ് എവിട്യാരുന്നു?"

"ഈ ഭൂമിയിലേക്ക് ജനിച്ചു വീഴുന്നേനു മുമ്പ് കുഞ്ഞാപ്പി അമ്മേടെ വയറ്റിലായിരുന്നു.

ഏകദേശം പത്തു മാസം വരെ.. "

"ഓ.. അപ്പോ ആ പത്തു മാസം മുമ്പ് അമ്മ കുട്ടിയുണ്ടാവുന്നേനുള്ള വിത്ത് വിഴുങ്ങീട്ടുണ്ടാവുംല്ലേ."

"കുട്ടിയുണ്ടാവാനുള്ള വിത്തോ.. എന്തൊക്ക്യാ കുഞ്ഞാപ്പി പറയ്ണത്?"

"ന്റെ ക്ലാസ്സിലെ അല്ലി പറഞ്ഞൂലോ, അമ്മമാര് കുട്ടിയുണ്ടാവാനുള്ള വിത്ത് വിഴുങ്ങും. അങ്ങനെയാണ് കുട്ടിയുണ്ടാവ്വാന്ന്.. അവളൊരു ദിവസം അമ്മയോട് ചോദിച്ചപ്പോ അവൾടെ അമ്മ പറഞ്ഞു കൊടുത്തതാത്രേ."

"ന്റെ കുഞ്ഞാപ്പീ ... അങ്ങനെയൊന്ന്വല്ല കുട്ടിണ്ടാവണത്. അല്ലീടമ്മ എന്തെങ്കിലും തമാശ പറഞ്ഞതായിരിക്കും."

"ന്നാ അമ്മ പറഞ്ഞു തര്വോ.. ശരിക്കും എങ്ങന്യാ കുട്ടിണ്ടാവാന്ന്.. പറയൂ.. എങ്ങന്യാ കുഞ്ഞാപ്പി അമ്മേടെ വയറ്റിനകത്ത് ണ്ടായത്..?"

"പറയാലോ,അമ്മേടെ ശരീരത്തിനകത്ത് – അമ്മേടെ മാത്രല്ലാ എല്ലാ സ്ത്രീകളുടേയും ശരീരത്തിനകത്ത് വിശേഷപ്പെട്ട ഒരു കോശമുണ്ട്.. ഒരു കുഞ്ഞുമുട്ട പോലെ ഒരു കോശം.. "

"ഹായ്.. നമ്മടെ പുള്ളിച്ചിക്കോഴി ഇടുന്ന മുട്ട പോല്യാണോ?"

അയ്യയ്യോ.. അത്ര വല്യപ്പൊന്നും ഈ മുട്ടക്കില്ല ട്ടോ.. മുട്ടേടെ വലിപ്പം പോയിട്ട് ഒരു പഞ്ചസാരത്തരീടെ വലിപ്പം പോലും ല്ല്യ.. "

"അത്രേം പോലും വല്യപ്പല്ല്യാ..!"

"ഇല്ല്യാലോ.. ഒട്ടും വല്യപ്പല്ല്യ. കുഞ്ഞാപ്പി പെൻസിൽ കൊണ്ട് കുത്തുകളിട്ട് കളിക്കാറില്ലേ... അങ്ങനെയിടുന്ന ഒരു കുഞ്ഞു കുത്തിനേക്കാളും ചെറുത്.. അത്രേം ചെറിയ ഒരു മുട്ട.. ഒരു കുഞ്ഞുകുഞ്ഞുകുഞ്ഞുകുഞ്ഞു മുട്ട..!

അണ്ഡം ന്നാ അതിന്റെ പേര്.. "

"ആ കുഞ്ഞുമുട്ടയാണോ കുട്ടിയാവ്ണത്.."

" തെരക്കു കൂട്ടല്ലേ കുഞ്ഞാപ്പീ.. ആ കുഞ്ഞുമുട്ട മാത്ര്വായാൽ കുട്ടിയാവില്ല്യ. അതിന് മറ്റൊരു കോശം കൂടി വേണം.. ബീജം എന്ന കോശം.. ഇത് അച്ഛന്റെ ശരീരത്തിനകത്താ ഉണ്ടാവ്വാ.. അച്ഛന്റെ മാത്രല്ല; എല്ലാ പുരുഷന്മാരുടേയും ശരീരത്തിനകത്ത് ഉണ്ടാവും."

"ഇതും ചെറുതാണോ..?"

"അതേലോ.. തീരെ ചെറുത്.. നമ്മുടെ കുഞ്ഞുകുഞ്ഞായ അണ്ഡത്തേക്കാൾ ചെറുത്.. കുഞ്ഞുകുഞ്ഞായ അണ്ഡവും അതിലും കുഞ്ഞായ ബീജവും തമ്മിൽ കൂടിച്ചേരുമ്പോ അത് ഒരൊറ്റ ക്കോശമായിട്ട് മാറും. ഒരു പുതിയ ജീവന്റെ



തുടക്കം. അമ്മേടെ ശരീരത്തിനകത്ത് ഒരു പുതിയ ജീവൻ ഉണ്ടാവുന്നു."

"ഹായ്.. അപ്പോ കുട്ടി ഉണ്ടായി ല്ലേ..?"

"അതെ കുഞ്ഞാപ്പീ.. ജനിക്കാൻ പോകുന്ന കുട്ടീടെ ഒരു ആദ്യരൂപം. ഈ ഒറ്റക്കോശം വളർന്നു വളർന്നാണ് ഒരു കുഞ്ഞിന്റെ രൂപത്തിലെത്തുന്നത്. വളർച്ച എന്നു പറഞ്ഞാൽ അതൊരു ഗംഭീര വളർച്ചയാണ്. വളരെപ്പെട്ടെന്നുള്ള വളർച്ച."

"എങ്ങന്യാ .. പറയൂ.."

"ആദ്യം അത് രണ്ടായി മാറും. പിന്നെ രണ്ട് നാലാവും.. നാല് എട്ടാവും.. എട്ട് പതിനാറാവും.. പതിനാറ് മുപ്പത്തിരണ്ടാവും.. അങ്ങനെ ഇരട്ടിച്ച് ഇരട്ടിച്ച് വളർന്നു കൊണ്ടേയിരിക്കും. ഇങ്ങനെ പെരുകിപ്പെരുകി വരുമെങ്കിലും എല്ലാരും കൂടി ഒട്ടിച്ചേർന്നങ്ങനെ നിൽക്കേം ചെയ്യും."

"ആഹാ.. എന്നിട്ട്.."

"പിന്നെപ്പിന്നെ, ഇവയിൽ പല കോശങ്ങളും പല പല ജോലികളും ഏറ്റെടുത്തു തുടങ്ങും. എല്ലിന്റെ കോശങ്ങളായും തൊലിയുടെ കോശങ്ങളായും, തലച്ചോറിന്റെ കോശങ്ങളായും ഒക്കെ ഇവ മാറും. വളർച്ചയ്ക്കൊപ്പം രൂപത്തിലും മാറ്റം വരും. അങ്ങനെ ഒമ്പതു മാസമാവുമ്പോഴേക്കും കുഞ്ഞിന്റെ വളർച്ച ഏകദേശം പൂർത്തിയാവും."

"അമ്മേ അമ്മേ.. ഒരു മിനിട്ട്.. ഈ കോശം വളർന്നു വളർന്ന് ഒരു കുഞ്ഞുവാവയായി മാറി വരുമ്പോ കെടക്കാൻ ഒരു പാട് സ്ഥലം വേണ്ടി വരില്ലേ..? അമ്മേടെ വയറിനകത്ത് അത്രേം സ്ഥലണ്ടാവോ? "

"പിന്നില്ലാതെ.. അമ്മേടെ വയറിനകത്ത് ഗർഭപാത്രം എന്നൊരു അവയവം ണ്ട്. അതിനുള്ളിലാണ് ഈ കോശം രൂപപ്പെടുന്നതും വളരുന്നതും.. കുഞ്ഞ് വലുതാവുന്നതിനനുസരിച്ച് ഗർഭപാത്രവും വലുതായിക്കൊണ്ടിരിക്കും."

"നല്ല രസം.. കുഞ്ഞാപ്പി എന്ന ഒറ്റക്കോശം.. അമ്മേടെ ഗർഭപാത്രത്തില് വച്ച് രണ്ടായി,നാലായി, എട്ടായി, പതിനാറായി വളർന്ന് വളർന്ന് കുഞ്ഞാപ്പിക്കുഞ്ഞുവാവയായി.. ഹായ് ഹായ് നല്ല രസം.."

"അതെയതെ.. സുഖായിട്ട് ചുരുണ്ടുകൂടിക്കെടന്നുകൊണ്ടങ്ങനെ വളർന്നു... "

"അങ്ങനെ അനങ്ങാതെ കെടക്ക്വേ..?"

"അല്ലല്ല.. ആറേഴ മാസാവുമ്പഴക്കും കയ്യും കാലുമിളക്കും. ചവിട്ടും.. കുത്തും.."

"കുഞ്ഞാപ്പി ചവിട്ടേം കുത്ത്വൊക്കെ ചെയ്യുമ്പോ അമ്മയ്ക്ക് വേദനിച്ചിരുന്നോ?"

"ഇല്ല കുഞ്ഞൂ.. അമ്മക്ക് സന്തോഷായിരുന്നു. അമ്മയ്ക്ക് മാത്രല്ല.. എല്ലാ അമ്മമാർക്കും സന്തോഷാവും. വയറ്റിനകത്തുള്ള കുഞ്ഞങ്ങനെ ഇളകിക്കളിക്യല്ലേ.. അതേയ്.. കുഞ്ഞാപ്പിക്കുഞ്ഞുവാവ നന്നായി വാ തുറന്നേ.. ഈ ഉരുള കൂടിയങ്ങ് കഴിച്ചേ.. നന്നായി ഭക്ഷണം കഴിച്ചാലല്ലേ വേഗം വളരൂ.."

"അതമ്മ വെറുതേ പറയ്വാ.. അമ്മേടെ വയറ്റിനകത്ത് കെടന്നിട്ടും കുഞ്ഞാപ്പി വളർന്നില്ലേ.. അന്ന് അമ്മ ഭക്ഷണൊന്നും തന്നിട്ടുണ്ടാവില്ലല്ലോ.. എന്നിട്ടും കുഞ്ഞാപ്പി വളർന്നില്ലേ.."

"ആരാ പറഞ്ഞത് അന്ന് അമ്മ കുഞ്ഞാപ്പിക്ക് ഭക്ഷണം തന്നില്ലാന്ന്.. ന്റെ കുഞ്ഞാപ്പിക്ക് വേണ്ടതൊക്കെ അമ്മ തന്നിട്ടുണ്ട്."

"അതെങ്ങന്യാ..? ഞാൻ അമ്മേടെ വയറ്റിനുള്ളിലായിരുന്നില്ലേ..?"

"അതല്ലേ സൂത്രം.. കുഞ്ഞാപ്പി എന്ന ഒറ്റക്കോശം പെരുകിപ്പെരുകി വരുന്ന സമയത്ത് ഗർഭപാത്രത്തില് പുതിയൊരു അവയവം ഉണ്ടായിവരും. ഗർഭപാത്രത്തിൽ കിടക്കുന്ന കുഞ്ഞിന് വേണ്ടി മാത്രമുള്ള ഒരവയവം... "മറുപിള്ള" എന്നാണതിന്റെ പേര്. കുഞ്ഞാപ്പിക്ക് വളരാനാവശ്യമായ ഓക്സിജനും വെള്ളവും ഭക്ഷണവും ഒക്കെ അമ്മയുടെ ശരീരത്തിൽ നിന്ന് ഈ 'മറുപിള്ള ' വലിച്ചെടുക്കും.. എന്നിട്ട് കുഞ്ഞാപ്പീടെ ശരീരത്തിലേക്കെത്തിക്കും."

"മറുപിള്ള എങ്ങന്യാ കുഞ്ഞാപ്പിക്ക് ഇതൊക്കെ തര്വാ?.. "

"അത് വേറൊരു സൂത്രം.. കുഞ്ഞാപ്പീടെ പൊക്കിൾ നോക്ക്യേ... മറുപിള്ളയിൽ നിന്ന് കുഴലുപോലൊരു വള്ളി കുഞ്ഞാപ്പീടെ പൊക്കിളിലേക്ക് നീണ്ടു കിടപ്പുണ്ടായിരുന്നു. അതാണ് പൊക്കിൾക്കൊടി.. ഈ പൊക്കിൾക്കൊടിയിലൂടെയാണ് മറുപിള്ള കുഞ്ഞാപ്പിയ്ക്ക് വളരാൻ വേണ്ടതൊക്കെ എത്തിച്ചിരുന്നത്.. "

"ഇപ്പോ മനസ്സിലായി. മറുപിള്ളയിലൂടെ.. പൊക്കിൾക്കൊടിയിലൂടെ കുഞ്ഞാപ്പിക്ക് വേണ്ടതൊക്കെ ന്റെ പുന്നാരഅമ്മ തന്നിരുന്നു."

"അതെ.. കുഞ്ഞുകുഞ്ഞാപ്പി അമ്മേടെ ഗർഭപാത്രത്തിൽ കെടന്ന് പൊക്കിൾക്കൊടി വഴി കിട്ടുന്ന ഭക്ഷണമൊക്കെ കഴിച്ച് തന്ന്യാ വളർന്നത് ട്ടോ.."

**ഗർഭപാത്രത്തിനുള്ളിലാണ് കോശം രൂപപ്പെടുന്നതും വളരുന്നതും.. കുഞ്ഞ് വലുതാവുന്നതിനനുസരിച്ച് ഗർഭപാത്രവും വലുതായിക്കൊണ്ടിരിക്കും.**

"ഓ.. സമ്മതിച്ചു.. പിന്നേയ്.. അമ്മയ്ക്കും ണ്ടല്ലോ പൊക്കിള്.. അതെന്തിനാ?"

"കുഞ്ഞാപ്പി തന്നെ പറയൂ.. അമ്മ അമ്മമ്മേടെ വയറ്റില് കുഞ്ഞുവാവയായി കെടന്ന സമയത്ത് വളരാൻ വേണ്ടതൊക്കെ എവിടുന്നാ കിട്ടീട്ടുണ്ടാവ്വാ..?

"ഇപ്പോ പിടി കിട്ടീ.. അമ്മമ്മേടെ ശരീരത്തിൽ നിന്ന്.. മറുപിള്ള വഴി.. പൊക്കിൾക്കൊടി വഴി... അല്ലേ.. ശരിയല്ലേ.. "

"പിന്നെന്താ.. ശരിക്കും ശരി.. അമ്മേടെ കുഞ്ഞാപ്പി ആളൊരു സംഭവാണ് ട്ടോ.."

"അതേയ്.. ഒരു സംശയം ചോദിച്ചാൽ കുഞ്ഞാപ്പി സംഭവല്ലാതാവ്വോ?"

"ഇല്ല.. ചോദിച്ചോളൂ"

"ഇപ്പോ ആ പൊക്കിൾക്കൊടി എവിടെ? കാണാൻല്യല്ലോ.. "

"കുഞ്ഞാപ്പി അമ്മേടെ വയറ്റീന്ന് പൊറത്തു വന്നപ്പോ ആ പൊക്കിൾക്കൊടി മുറിച്ചു കളഞ്ഞു.. പിന്നെ അതിന്റെ ആവശ്യല്യാലോ."

"ഓ.. ഞാനതാലോചിച്ചില്ല ട്ടോ.."

"പിന്നെ എന്താ ന്റെ കുഞ്ഞാപ്പി ആലോചിച്ചത്..?"

"അതോ.. ഞാൻ വയറ്റിനുള്ളിൽ കെടന്നപ്പോ അമ്മയെ കൊറേ ചവിട്ടീട്ടുണ്ട്. അതോണ്ട് ഇനി മുതല് രാത്രി ഉറക്കത്തില് ഞാൻ അമ്മേടെ മേലേക്ക് കാല് വലിച്ചിടില്ലാന്ന്.. "



# ഞണ്ട്

**സിന്ധു എൻ പി**

ചിത്രീകരണം: സൂരജ് കക്കറയിൽ

മയിലായും മുയലായും
മാനായും മീനായും
സ്വപ്നങ്ങൾ വേഷം മാറി.
തുള്ളിക്കളിച്ചവ –
യൊക്കെയും ഭൂമിയി–
ലാഹ്ലാദമന്വേഷിച്ചു.
മണ്ണിന്റെ നീല
ഞരമ്പായൊഴുകും
പുഴ തന്നടിത്തട്ടോളം
വെൺമുത്തു പോലെ
തിളങ്ങുന്ന വെള്ളാരം
കല്ലിന്നകക്കണ്ണോളം
പച്ചമരത്തിന്നിലകളി
ലൂഞ്ഞാലി–
ലാടുന്ന കാറ്റിനൊപ്പം
പുൽത്തുമ്പിലൊട്ടി
യിരിക്കും പ്രഭാതത്തിൻ
പുഞ്ചിരിത്തെല്ലിന്നൊപ്പം
എങ്ങുമലഞ്ഞ് നടക്കുക
യാണവ–
യാഹ്ലാദമന്വേഷിച്ച്.

✷



# ഒന്നുല്യാത്ത കഥ



**ശിവപ്രസാദ് പാലോട്**

ചിത്രീകരണം: അനിൽ തമ്പായ്

ഒരു കഥ പറഞ്ഞ് തരോ..? പിന്നെ, പഴയ പോലത്തെ ഒരിക്കൽ ഒരിടത്ത് എന്ന് തുടങ്ങണ കഥ വേണ്ട ട്ടോ.. ഞങ്ങള് ന്യൂ ജനറേഷനാ..

എന്നാ ദാ പിടിച്ചോ ന്യൂ ജനറേഷൻ കഥ.

അതേയ്... ഒരിക്കൽ ഒരിടത്തേയ് ഒരു...

നിർത്തു നിർത്തു... ഇത് പഴയ കഥന്നെ.

ശ്രദ്ധിച്ചു കേൾക്ക്, ഒരിക്കൽ ഒരിടത്ത് ഒരു മലയുണ്ടായിരുന്നി



ല്ല... അതോണ്ടന്നെ കാട്ടുണ്ടായിരുന്നില്ല, അതോണ്ടന്നെ പുഴയുണ്ടായിരുന്നില്ല, കുളമുണ്ടായിരുന്നില്ല.. തോട്ടുണ്ടായിരുന്നില്ല, കിണറുണ്ടായിരുന്നില്ലാ, അതോണ്ടന്നെ വയലുണ്ടായിരുന്നില്ലാ.

അതോണ്ടന്നെ അരി ണ്ടായിരുന്നില്ല, തുണി ണ്ടായിരുന്നില്ല..

എന്നിട്ടോ..?

മലയില്ലാത്തോണ്ട്

പുഴയില്ലാത്തോണ്ട് കടലുണ്ടായിരുന്നില്ല... മേഘണ്ടായിരുന്നില്ല മഴയുണ്ടായിരുന്നില്ല.

*ചെടിണ്ടായിരുന്നില്ല*
*പൂവുണ്ടായിരുന്നില്ല*
*കിളിണ്ടായിരുന്നില്ല*
*തണലുണ്ടായിരുന്നില്ലാ*
*എന്നിട്ട് എന്നിട്ട്...*
*എന്നിട്ടെന്താ*
*ഒന്നുണ്ടായിരുന്നില്ലാ...*
*ഒരിക്കലുണ്ടായിരുന്നില്ലാ*
*ഒരു രാജ്യവും ഉണ്ടായിരുന്നില്ല..*
*രാജാവുണ്ടായിരുന്നില്ല...*




അപ്പൊ വീട്ടുകള്, സ്ക്കൂളുകള്, പുസ്തകങ്ങള്

അതിന് ആരെങ്കിലും പാർക്കാനുണ്ടെങ്കിലല്ലേ വീട്ടുവേണ്ടൂ.. പഠിക്കാൻ ആളുണ്ടെങ്കിലല്ലേ, സ്ക്കൂളു വേണ്ടൂ.. വായിക്കാൻ ആളുണ്ടെങ്കിലല്ലേ പുസ്തകങ്ങള് വേണ്ടൂ..

ആരും ഇല്ലല്ലോ..

ആഹാ... ആരുമില്ലാത്ത കഥ പൊളിച്ചു. അല്ല ഈ കഥേടെ ഗുണപാഠം എന്താ?

കണ്ണില്ലാതാവുമ്പോഴേ കണ്ണിന്റെ വിലയറിയൂ കുട്ട്യോളേ... ഒന്നിൽ നിന്നാണ് മറ്റൊന്ന് ഉണ്ടാവുന്നത്... ഒന്നില്ലെങ്കിലേ പിന്നെ മറ്റൊന്നുണ്ടാവില്ല... പറഞ്ഞ് പറഞ്ഞ് വന്നാ മനുഷ്യന്റെ കഥ കഴിയും.

അപ്പോ എന്താ വേണ്ടേ... കഥ കഴിയാണ്ടിരിക്കാൻ... ഇക്കാണണ പ്രകൃതി നശിക്കാതെ കാക്കണം. കാക്കണോര് ആവണം.. കക്കണോര് ആവരുത്...





(മൈലെൻ കോൺസ്റ്റാന്റിനോവ്സ്കിയുടെ കൃതിയെ ആധാരമാക്കി)

# തന്മാത്രകൾ ഇല്ലാത്ത പദാർത്ഥങ്ങൾ

**പുനരാഖ്യാനം: ഡോ. സംഗീത ചേനംപുല്ലി**

ചിത്രീകരണം: കെ.സതീഷ്




ഈ ലേഖനത്തിന്റെ തുടക്കത്തിൽ ആറ്റങ്ങളെ നമ്മൾ അക്ഷരമാലയിലെ അക്ഷരങ്ങളോട് താരതമ്യം ചെയ്തു. അക്ഷരങ്ങൾ കൂടിച്ചേർന്ന് വാക്കുകൾ ഉണ്ടാകും പോലെ വളരെയെളുപ്പത്തിൽ ആറ്റങ്ങൾ കൂടിച്ചേർന്ന് തന്മാത്രകൾ ഉണ്ടാകുന്നു എന്ന് മനസ്സിലാക്കുകയും ചില തന്മാത്രകളെ പരിചയപ്പെടുകയും ചെയ്തു. എന്നാൽ എല്ലാ വസ്തുക്കളും തന്മാത്രകൾ കൊണ്ടല്ല ഉണ്ടാക്കിയിരിക്കുന്നത്. അത്തരം പല വസ്തുക്കൾ ഉണ്ടു താനും. ഉദാഹരണത്തിന് ഗ്രാഫൈറ്റ് എടുക്കാം. ഇതിൽ കാർബൺ ആറ്റങ്ങൾ കൂടിച്ചേർന്ന് വലപോലെയുള്ള ഒരു ഘടനയായി മാറിയിരിക്കുന്നു. ഇത്തരം അനേകം അടരുകൾ ചേർന്നതാണ് ഗ്രാഫൈറ്റ്. ലോകത്തിലെ ഏറ്റവും കാഠിന്യമേറിയ സ്വാഭാവിക വസ്തുവായ വജ്രവും കാർബൺ ആറ്റങ്ങൾ കൊണ്ട് നിർമിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, അത് ഗ്രാഫൈറ്റിലെ പോലെ അല്ലെന്നു മാത്രം. വലയ്ക്ക്


പകരം അത് ത്രിമാന ലാറ്റിസ് രൂപത്തിലാണ് അടുക്കി വെക്കപ്പെട്ടിരിക്കുന്നത്. ഈ ഘടനകളിൽ ഒറ്റയൊറ്റ തന്മാത്രകളെ വേർതിരിച്ച് കണ്ടെത്താനാവില്ല. ലോഹങ്ങളിലും ആറ്റങ്ങൾ കൂടിച്ചേർന്ന് നിശ്ചിത ഘടനയുള്ള ലാറ്റിസുകൾ ഉണ്ടാകുന്നു. ഇവയിലും തന്മാത്രകളില്ല.

ഈ പരീക്ഷണം ചെയ്തു നോക്കൂ. വെള്ളത്തിൽ കുറച്ച് ഉപ്പ് ലയിപ്പിച്ച ശേഷം അത് ഒരു പാത്രത്തിൽ ഒഴിച്ച് ബാഷ്പീകരിക്കാൻ അനുവദിക്കുക. പാത്രത്തിൽ നിങ്ങൾക്ക് സുതാര്യമായ കുഞ്ഞ് ക്യൂബുകൾ കാണാൻ കഴിയും. ഇവ ഉപ്പിന്റെ പരലുകളാണ്. ഇവിടെയും തന്മാത്രകളല്ല ലാറ്റിസ് രൂപപ്പെടുത്തുന്നത്. പക്ഷേ, ലോഹങ്ങളിൽ നിന്നും, വജ്രത്തിൽ നിന്നും, ഗ്രാഫൈറ്റിൽ നിന്നും വ്യത്യസ്തമായി ഉപ്പിന്റെ പരലിൽ രണ്ട് തരം ആറ്റങ്ങളുണ്ട്, സോഡിയവും ക്ലോറിനും.

തീരെ ഭാരം കുറഞ്ഞ, വെള്ളത്തേക്കാൾ ഭാരം കുറഞ്ഞ, വെള്ളിപോലെ തിളങ്ങുന്ന ലോഹമാണ് സോഡിയം. മഞ്ഞ കലർന്ന പച്ച നിറമുള്ള, ഭാരമുള്ള, രൂക്ഷഗന്ധമുള്ള വിഷവാതകമാണ് ക്ലോറിൻ. പക്ഷേ, സോഡിയവും ക്ലോറിനും ചേർന്ന് നിറമോ, മണമോ ഇല്ലാത്ത, രണ്ടിന്റേയും സ്വഭാവങ്ങൾ കാണിക്കാത്ത പുതിയൊരു വസ്തുവിന്റെ ലാറ്റിസ് ഉണ്ടാകുന്നു.

അവസാനമായിപ്പറഞ്ഞാൽ, ആരുമായും കൂടിച്ചേരാൻ താൽപ്പര്യമില്ലാത്ത, അതിനി സ്വയമായാലും മറ്റ് ആറ്റങ്ങളുമായിട്ടായാലും; ചില ആറ്റങ്ങളും ഉണ്ട്. ഇവ സാമൂഹ്യ ബന്ധങ്ങളില്ലാത്ത ഒറ്റ ആറ്റങ്ങൾ മാത്രമുള്ള വാതകങ്ങളായി നിലനിൽക്കുന്നു. ഹീലിയം, നിയോൺ, ആർഗൺ, ക്രിപ്റ്റോൺ, സിനോൺ, റാഡോൺ എന്നിങ്ങനെ ഇവക്കോരോന്നിനും വെവ്വേറെ പേരുകളും ഉണ്ട്. ഇവയെല്ലാം തീരെ കുറഞ്ഞ അളവിൽ വായുവിൽ കാണപ്പെടുന്നുണ്ട്.

*(അവസാനിച്ചു)*




**ആരുമായും കൂടിച്ചേരാൻ താൽപ്പര്യമില്ലാത്ത ചില ആറ്റങ്ങൾ ഉണ്ട്. ഇവ സാമൂഹ്യ ബന്ധങ്ങളില്ലാത്ത ഒറ്റ ആറ്റങ്ങൾ മാത്രമുള്ള വാതകങ്ങളായി നിലനിൽക്കുന്നു.**





**രാജേശ്വരി തോന്നക്കൽ**

ചിത്രീകരണം: രാജേന്ദ്രൻ

മകരം മറഞ്ഞിട്ടും കുംഭം പിറന്നിട്ടും മാവുകൾ മൂകരായി നിന്നു.


തളിർത്തിട്ടില്ല. പൂത്തിട്ടില്ല.

രാത്രികളിൽ ആരും കാണാതെ നിശ്ശബ്ദരായി കണ്ണീരൊഴുക്കും. പുലരുമ്പോൾ ബാലസൂര്യൻ തന്റെ നേർത്ത കരങ്ങൾ കൊണ്ട് തേന്മാവിന്റെ കണ്ണീരൊപ്പും.

മാവുകൾ വിധിയെ പഴിച്ച് വിഷണ്ണരായി നിന്നെങ്കിലും ഒരു നാൾ ഉള്ള പൊട്ടിപ്പോയി.

"ഞങ്ങളുടെ ഇല്ലായ്മകൾ ഞങ്ങൾ സഹിക്കാം. എന്നാൽ അതിഥികൾ വന്നാൽ സൽക്കരിക്കാതെ അയയ്ക്കാൻ വിഷമം തന്നെ. "അതിഥിയെ ദേവനെ പോലെ കരുതണം എന്നാണ് പഠിച്ചത്. തേൻതുമ്പിയും അണ്ണാനും തത്തമ്മയും ഒക്കെ പ്രഭാതങ്ങളിൽ ഞങ്ങളെ കാണാൻ എത്തുന്നുണ്ട്.

അവരെ വെറും വയറോടെ പറഞ്ഞയക്കുമ്പോൾ ഹൃദയം പിളർന്നു പോകുന്നു."



മാവുകൾ വിമ്മി വിമ്മിയാണ് അത്രയും പറഞ്ഞത്.

അതിനു മറുപടിയായി ബാലസൂര്യൻ പറഞ്ഞു.

"ആപത്തും സമ്പത്തും എല്ലാവർക്കും ഉള്ളതാണ്. ഇല്ലായ്മകളും സുഭിക്ഷതയും ഒക്കെ സ്വാഭാവികം.

ഉള്ള കാലത്ത് ഉള്ളതു പോലെ എല്ലാവരെയും സൽക്കരിച്ചി

ല്ലേ? അതോർത്ത് ആശ്വസിച്ചേ പറ്റൂ. ഏത് വമ്പനും ഉണ്ട് നാശവും അഭിവൃദ്ധിയും. പലതും നമ്മൾ വരുത്തി വെയ്ക്കുന്ന താളപ്പിശകുകളിൽ നിന്നും സംഭവിക്കുന്നതാണ്.



പ്രകൃതിയിലുള്ള എല്ലാ ജീവജാലങ്ങളും പരസ്പരം ഒരു ചിട്ടക്രമത്തിൽ ബന്ധപ്പെട്ട് കിടക്കുകയാണ്.

എങ്ങാനും ഒരു ഇഴ തെറ്റിയാൽ പിന്നെ അങ്ങോട്ട് എല്ലാ താളവും തെറ്റും.

കന്നി വെറിയായി കത്തി എരിയേണ്ട സമയത്ത് ഞങ്ങൾക്ക് ഇവിടേക്ക് എത്തിനോക്കാൻ കൂടി കഴിഞ്ഞില്ല. വളരെ വൈകിയല്ലേ വന്നത്. ഒക്കെ താളക്കേടാണ്.

അതിന്റെയൊക്കെ അടിസ്ഥാനകാരണം തേടി ചെന്നാൽ ഭൂമിയമ്മയുടെ മക്കൾ വരുത്തിവെച്ച വിനകളാണെന്ന് മനസ്സിലാവും.

എങ്കിലും സമ്പത്തിൽ അഹങ്കരിക്കാതെയും ഇല്ലായ്മകളിൽ ദുഃഖിക്കാതെയും കഴിയാൻ പഠിക്കണം.

ഉപദേശം തീരും മുൻപു തന്നെ ബാലസൂര്യന്റെ രശ്മികൾക്ക് കാഠിന്യമേറി വന്നു. മാവുകൾക്ക് വിഷമം കുറഞ്ഞു കുറഞ്ഞു വന്നു.

✷

---

# കുഞ്ഞിക്കാറ്റ്



**പ്രേമജ ഹരീന്ദ്രൻ**

ചിത്രീകരണം: കെ.സതീഷ്




ഇലകൾക്കിടയിലൊളിച്ചുകളിക്കും
കുഞ്ഞിക്കാറ്റൊരു വികൃതിക്കുട്ടി.
കുഞ്ഞിക്കയ്യിൽ പൂമണമേന്തി
അങ്ങോട്ടിങ്ങോട്ടോട്ടം കുട്ടി.
തൊട്ടു തലോടി നൂണു കടന്ന്
ഇക്കിളിയാക്കും കുസൃതിക്കുട്ടി.
കലപില മൂളി കളിചിരിയോടെ
നാട്ടു മുഴുക്കെപ്പായും കുട്ടി.

✷

# നീലി കലിപ്പിലാണ്

**വിനോദ് വി**

രാവിലെയാണ് നീലീടെ വിളി വന്നത്, "അപ്പൂളനോട് നീലി മിണ്ടൂല്യ".

ഓ.. ചങ്ങാതി ഭയങ്കര ചൂടിലാണ്.

"എന്താ കാര്യം? നീ കാര്യം പറ."

"അപ്പൂള നല്ലയാളാ. ന്നാലും ന്നോട് പറഞ്ഞില്ലല്ലോ." അവളുടെ കലിപ്പ് തീരുന്നില്ല.

"എന്താണ് സംഭവം? നീലിക്കുട്ടി പറഞ്ഞാലല്ലേ അപ്പൂളന് മനസ്സിലാവൂ."

ഞാൻ ഒന്ന് തണുപ്പിക്കാൻ നോക്കി.

"ഇന്നലെ ലൂക്കേല് വര്ണ 'വാ വാ തീ പൂ' നെ കുറിച്ചും 'ദെന്താ കുന്ത്രാണ്ട'ത്തിനെക്കുറിച്ചും യുറീക്കേടെ വരിസംഖ്യ പുതുക്ക്ണേനെ കുറിച്ചും ഒക്കെ പറഞ്ഞപ്പളും അത് മാത്രം പറഞ്ഞ്ല്ല. ഞാൻ മിണ്ടൂല."

"കാര്യം മനസ്സിലാവുന്നില്ലല്ലോ. എന്താ നീലീടെ പ്രശ്നം..?" റഹീന ചോദിച്ചു.

"പറഞ്ഞാലല്ലേ അറിയൂ. അവള് മിണ്ടൂല മിണ്ടൂലാന്ന് മാത്രം പറഞ്ഞാ ഞാൻ എന്താ ചെയ്യാ."

"അപ്പൂള വിജ്ഞാനോത്സവത്തെപ്പറ്റി എന്നോട് പറഞ്ഞില്ലല്ലോ. ന്നട്ട് ഫേസ്ബുക്ക് പോസ്റ്റിട്ടിരിയ്ക്ക്ണ്. വിജ്ഞാനോത്സവം ഡിസംബറിൽ എന്ന്.. ഞാൻ മിണ്ടൂല." നീലി ഫോൺ വെച്ചു.

ഓ.. വിജ്ഞാനോത്സവത്തെക്കുറിച്ച് ഇന്നലെ നീലിയോട് പറഞ്ഞില്ല. അതാണ് കലിപ്പിന്റെ കാരണം. കലിപ്പ് തീർക്കണമല്ലോ.

ഞാൻ പതുക്കെ പുറത്തിറങ്ങി. തോട്ടിന്റെ കരയിലൂടെ ഇറങ്ങി പാടം മുറിച്ച് കടന്നാൽ നീലീടെ വീടായി. ആ പാടവും തോടും ആണ് ഞങ്ങളുടെ പ്രിയപ്പെട്ട സ്ഥലങ്ങൾ. ഒഴിവുള്ളപ്പോഴൊക്കെ ഞങ്ങളങ്ങനെ നടക്കും. സലീനേം ബിജ്ജും യൂസുഫും ഉണ്ടാവും. അവരാണ് അവിടത്തെ വാനരസംഘം. അതിന്റെ നേതാവാണ് നീലി. ഇന്നലെ അവരുമായി കുറേനേരം സംസാരിച്ചിരുന്നു. അപ്പോൾ വിജ്ഞാനോത്സവത്തെക്കുറിച്ച് പറയാൻ വിട്ടു പോയി.

നീലി ഉമ്മറത്ത് തന്നെ ഇരിക്കുന്നുണ്ട്. കുട്ടിക്കലം തെളിഞ്ഞിട്ടില്ല. അപ്പുവിന്റെ മുഖത്ത് ഒരു കള്ളച്ചിരി. "ഞാൻ റോഷനോട് ഇപ്പോൾ പറഞ്ഞതേള്ളൂ. മാഷ് ഇപ്പോ എത്തുംന്ന്." ചിത്രം വരയ്ക്കുന്നത് നിർത്തി അപ്പു പറഞ്ഞു.

ഞാൻ ചിരിച്ചു. നീലീടെ മുഖം തെളിഞ്ഞ് വരുന്നുണ്ട്.

"എന്നാ നമുക്കെറങ്ങാം.."

കേൾക്കണ്ട താമസം നീലി കൂടെ ഇറങ്ങി. "അപ്പൂ.. ഞാനിവളെ വീട്ടിലേക്ക് കൂട്ടുന്നു. വൈകീട്ട് കാണാം."

"അപ്പോ വിജ്ഞാനോത്സവമാണ് പ്രശ്നം ല്ലേ. എന്നാൽ കേട്ടോളൂ. ഇപ്രാവശ്യത്തെ വിജ്ഞാനോത്സവം ഡിസംബറിലാണ്. ബോധിപ്പിച്ചിരിക്കുന്നു. ഇനി എന്താ അറിയേണ്ടത്.."

ഓ.. ഈ അപ്പൂള ഇങ്ങനെയൊരു മണ്ടനായിപ്പോയീലോ.. ഇപ്പോ സ്ക്കൂളുണ്ടോ? സ്ക്കൂളില്ലാതെ എങ്ങനെ വിജ്ഞാനോത്സവം നടത്തും.. "

"അതേയ്.. ഇക്കുറി വിജ്ഞാനോത്സവം ഓൺലൈനിലാ.. "

"എങ്ങനെ?"



"വിശദമായി പറഞ്ഞ് തരാം. എടേല് കേറരുത്. ഓ കെ?"

"ഓ കെ."

"എന്നാ കേട്ടോ.. ഇത്തവണത്തെ വിജ്ഞാനോത്സവത്തിന് ഒരുപാട് പ്രത്യേകതകളുണ്ട്. കുട്ടീടെ വീടാണ് വിജ്ഞാനോത്സവ വേദി. വീട്ടിൽ വെച്ചാണ് വിജ്ഞാനോത്സവ പ്രവർത്തനങ്ങൾ ചെയ്യണ്ടത്."

"അപ്പൊ പ്രവർത്തനങ്ങളെങ്ങനെയാ ഞങ്ങക്ക് കിട്ട്വാ..?"

"നീലി വാക്ക് തെറ്റിച്ചു."

"സോറി.. ആവേശം കൊണ്ടാ."

"ഞാൻ പറയാം. ശ്രദ്ധിച്ച് കേൾക്കണം.

എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗത്തിന് പുറമെ ഹയർസെക്കണ്ടറി വിഭാഗത്തിനും ഇക്കുറി വിജ്ഞാനോത്സവം ഉണ്ടാവും.. വിജ്ഞാനോത്സവത്തിന് രണ്ടോ മൂന്നോ ഘട്ടങ്ങൾ ഉണ്ടാവും. ഒന്നാമത്തെ ഘട്ടത്തെക്കുറിച്ച് ഇപ്പോൾ പറയാം."

"ഇപ്രാവശ്യത്തെ വിഷയെന്താ അപ്പുളൂ?"

"ഇത്തവണ പ്രത്യേകായിട്ട് ഒരു വിഷയം ഇല്ല.. എൽ.പി., യു.പി വിഭാഗം കുട്ടികൾ കഴിഞ്ഞ വർഷത്തെ യുറീക്കയും ഹൈസ്കൂൾ ഹയർ സെക്കണ്ടറി കുട്ടികൾ ശാസ്ത്രകേരളവും വായി ക്കണം."



"അത് കൊള്ളാലോ.. ഇത്തവണ ഞാൻ അടിച്ചു പൊളിക്കും. എല്ലാ യുറീക്കേം നമ്മള് വായിച്ചതല്ലേ. പക്ഷേ, യുറീക്ക വായിക്കാത്ത കുട്ട്യോള് ണ്ടാവ് ല്ലേ അപ്പുളൂ. അവരെന്താ ചെയ്യാ. അത് മാത്രല്ല 24 യുറീക്ക വായിക്കാൻ ഇനീപ്പോ സമയം ണ്ടോ?"

"നീലി എടേക്കേറ്ല്യാ ന്ന് വാക്ക് പറഞ്ഞതാ. എന്നാലും നല്ല ചോദ്യായതോണ്ട് നാം ക്ഷമിച്ചിരിക്ക്ണ."

"ഓ അപ്പുളൂന്റെ ഒരഭിനയം.... ഫഹദ് ഫാസിലാണ് ന്നാ വിചാരം."

"ന്നാ ശരി കേട്ടോ.. എൽ.പി. കുട്ട്യോൾക്ക് 5–6 യുറീക്ക. യു.പി. കുട്ട്യോൾക്ക് 10 യുറീക്ക.. ഹൈസ്കൂൾ ഹയർ സെക്കണ്ടറിക്കാർക്ക് 10 ശാസ്ത്രകേരളം. തെരഞ്ഞെടുത്ത ലക്കങ്ങൾ കുട്ടികൾക്ക് വായിക്കാൻ പറ്റുന്ന വിധത്തിൽ ഓൺലൈനിൽ ലഭ്യമാക്കും. പി.ഡി.എഫായിട്ടും മറ്റ് ഡിജിറ്റൽ രൂപത്തിലും ഒക്കെ കിട്ടും. അത് വായിച്ച് റെഡി ആയി ഇരിക്കണം. എങ്ങനെ ഒരുങ്ങണം? എങ്ങനെ തയ്യാറാവണം എന്നൊക്കെയുള്ള നിർദ്ദേശങ്ങൾ വീഡിയോ ആയിട്ടും നോട്ടീസായിട്ടും നിങ്ങക്ക് കിട്ടും.

ഡിസംബറിലാണ് വിജ്ഞാനോത്സവം. ചെയ്യേണ്ട പ്രവർത്തനങ്ങൾ വാട്സപ്പ് ഗ്രൂപ്പുകളിലൂടെ നിങ്ങൾക്ക് കിട്ടും.

പ്രവർത്തനങ്ങൾ ചെയ്യാൻ 4–5 ദിവസം സമയം നൽകും. വീട്ടിലിരുന്ന് അത് ചെയ്യാം..

"അപ്പൊ ആരാ അപ്പുളൂ വിലയിരുത്തുക?"

"അതല്ലേ മോളേ ഇത്തവണത്തെ വിജ്ഞാനോത്സവത്തിന്റെ പ്രത്യേകത.. പ്രവർത്തനങ്ങൾ ചെയ്ത് കഴിഞ്ഞാൽ കുട്ടികളും രക്ഷിതാക്കളും ചേർന്നിരുന്ന് പ്രവർത്തനം വിലയിരുത്തണം. വിലയിരുത്തൽ സൂചകങ്ങൾ പ്രവർത്തനത്തോടൊപ്പം തന്നിട്ടുണ്ടാവും. വിലയിരുത്തലിന് ശേഷം അടുത്ത ഘട്ടത്തിലേക്ക് പങ്കെടുക്കണമെന്ന് കുട്ടികൾക്ക് തോന്നിയാൽ പ്രവർത്തനങ്ങളോടൊപ്പം ലഭിച്ചിട്ടുള്ള ഗൂഗിൾ ഫോം വഴിയോ വാട്സപ്പ് നമ്പർ വഴിയോ രജിസ്റ്റർ ചെയ്യാം."

"അപ്പുളൂ.. ഒരു സംശയം.. എല്ലാ കുട്ടികളുടെ രക്ഷിതാക്കൾക്കും സഹായിക്കാനൊക്കെ പറ്റ്വോ? മാത്രല്ല. ഞങ്ങടെ ക്ലാസ്സിലെ കുട്ട്യോൾക്ക് പലർക്കും വീട്ടില് സൗകര്യവും ഇല്ലാത്രെ. അവരെന്താ ചെയ്യാ?"

"അതിന് വഴിയുണ്ട്. എല്ലാ പഞ്ചായത്തിലും കുട്ടികളെ സഹായിക്കാൻ അധ്യാപകരുടേം പരിഷത്ത് മാമൻമാരുടേം ചേച്ചിമാരുടേം ഒരു സംഘം ണ്ടാവും. അവരെ അറിയിച്ചാൽ അവര് സഹായിക്കും. മാത്രമല്ല വായനശാലകളിലും കലാസമിതികളിലും പഠനകേന്ദ്രങ്ങളിലും ഒക്കെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോയും എത്തിക്കും. നീലിക്ക് സമാധാനായില്ലേ.."

"അത് കൊള്ളാം അപ്പുളൂ. അപ്പോ എല്ലാര്ക്കും അവസരം ണ്ടാവും ല്ലേ.. അപ്പോ ഇത്തവണ വിജ്ഞാനോത്സവം ശരിക്കും ഉത്സവം തന്നെയാവും ല്ലേ അപ്പുളൂ..

എന്നാ ബാക്കി കൂടി കേക്കട്ടെ.. രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും ഒക്കെ എങ്ങനെയാ?"

"ഇപ്പോൾ ഇത്രേം മതി. ബാക്കി പിന്നെ. ദാ വീടെത്തി. നമ്മൾക്ക് ചായ കുടിക്കാം.."

"ആയിക്കോട്ടെ.. റഹീനമേമേ.. ഇന്ന് മിസ്റ്റർ അപ്പുളൂ ഉണ്ടാക്കിയ സ്പെഷലെന്താണെന്ന് നോക്കട്ടെ." നീലി അടുക്കളയിലേക്കോടി.

കാഴ്ചപ്പുറം

സുരഭിവചന

ദിനാചരണം

# ഒഴിവാക്കാം, മാലിന്യ



എവിടെയും മാലിന്യപ്രശ്നങ്ങളാണ്. ജലത്തിലും മണ്ണിലും വായുവിലും മാത്രമല്ല സൂക്ഷിച്ചു നോക്കിയാൽ പ്രപഞ്ചം മുഴുവൻ മലിനീകരണ പ്രശ്നങ്ങളാണെന്ന് കാണാം. പ്രകാശമലിനീകരണം, ശബ്ദമലിനീകരണം, പ്ലാസ്റ്റിക് മലിനീകരണം, താപമലിനീകരണം, റേഡിയോ ആക്ടീവ് മലിനീകരണം ഇങ്ങനെ മാലിന്യപ്രശ്നങ്ങളാണ് സർവത്ര.

**ദേശീയ മലിനീകരണ നിയന്ത്രണ ദിനം**

ഡിസംബർ 2 ന് ഇന്ത്യയിൽ ദേശീയ മലിനീകരണ നിയന്ത്രണ ദിനമായി ആചരിക്കുന്നു. പരിസ്ഥിതി മലിനീകരണം ഇന്ത്യയിലെയും വലിയ ഒരു പ്രശ്നമാണ്.

**ഭോപ്പാലിന്റെ ഓർമ**

1984 ഡിസംബർ 2 ന് ഇന്ത്യയിലെ ഭോപ്പാലിൽ ഉണ്ട
നാണ് ഡിസംബർ 2 മലിനീകരണ നിയന്ത്രണ ദിനമാ
അന്തരീക്ഷ മലിനീകരണത്തിന്റെ ഭീതിദമായ അവസ്ഥ



സാങ്കേതികം

# ലീഡർ അല്ല ലീഡാർ...

ഉയരമുള്ള മരങ്ങളെ എങ്ങനെ അളന്ന് തിട്ടപ്പെടുത്തും? വലിയ ടേപ്പുമായി മരത്തിൽ വലിഞ്ഞു കയറി ഒത്ത ഉയരം വരെ പോവുകയാണോ? അല്ലേ.. അല്ല. ലീഡാർ എന്ന സാങ്കേതികവിദ്യയാണ് ഇതിനു പിന്നിൽ. എന്താണിത്? വിമാനത്തിൽ നിന്നും ലേസർ രശ്മികൾ മരത്തിനു മുകളിലൂടെ താഴേയ്ക്ക് പതിപ്പിച്ച്, അവ തിരികെ വരാനെടുക്കുന്ന സമയം കണക്കുകൂട്ടി ഉയരം കൂടുതലുള്ള മരങ്ങളെ കണ്ടെത്തുകയാണ് ചെയ്യുന്നത്. മഴക്കാടുകളിലെ മരംവെട്ട് കണ്ടുപിടിക്കാനും ബ്രസീലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പെയ്സ് റിസർച്ച് ഈ രീതിയാണ് പിന്തുടരുന്നത്.

ചുറ്റുപാട്

# ഏറ്റവും ഉയരത്തി

ലോകത്തിലെ ഏറ്റവും ഉയരം കൂടി
ന്ന് അറിയാമല്ലോ. മഞ്ഞുമൂടിയ പർവത
ഉണ്ടാവുമോ? ഹമ്പോ... ഇത്രയും ഉയരത്
പറയാം. ഹിമാലയൻ ജമ്പിങ് സ്പൈഡ



# പ്രശ്നങ്ങൾ



National Pollution Control Day
2nd DECEMBER

### നിങ്ങൾക്കും ചെയ്യാം

മലിനീകരണ പ്രശ്നങ്ങൾ കൂട്ടുകാർ വീട്ടിൽ ചർച്ചചെയ്ത് ഒരു പോസ്റ്റർ ഉണ്ടാക്കൂ. ഒന്നിലേറെയുമാവാം. നാലാൾ കൂടുന്ന ഒരു സ്ഥലത്ത് അത് പതിപ്പിച്ച് ഫോട്ടോ യുറീക്കയ്ക്ക് വാട്സ് ആപ് ചെയ്യൂ. ഒപ്പം ഒരു കുറിപ്പും. മികച്ചവ നമുക്ക് പ്രസിദ്ധീകരിക്കാം.

ായ വാതക ദുരന്തത്തിന്റെ ഓർമ പുതുക്കാ
ി ആചരിക്കുന്നത്. ദിവസേന പെരുകുന്ന
 നമ്മെ ഓർമിപ്പിക്കുന്നു ഈ ദിനം.

### സമ്മാനക്കാര്യം

## പ്രശ്നപരിഹാരവും നിർദേശവും

കൂട്ടുകാരേ,

നിങ്ങളുടെ ചുറ്റുവട്ടത്തെ ഏറ്റവും വലിയ ഒരു മാലിന്യപ്രശ്നം കാഴ്ചപ്പുറത്തെ അറിയിക്കൂ. പ്രശ്നങ്ങൾ പരിഹരിക്കാൻ നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും? നിങ്ങളുടെ ആ അഭിപ്രായം കൂടി എഴുതണേ. എന്നിട്ട് കാഴ്ചപ്പുറം അത് വിലയിരുത്തും. മികച്ച കുറിപ്പുകൾക്ക് സമ്മാനം.

## ൽ ഒരാൾ മാത്രം...

യ സ്ഥലം ഹിമാലയ പർവതമാണെ
നിരകളുടെ മുകളിൽ ഏതെങ്കിലും ജീവി
ന്തിലോ, എന്ന് ചിന്തിക്കാൻ വരട്ടെ.
ർ എന്ന എട്ടുകാലി ഹിമാലയത്തിൽ
6700 മീറ്ററോളം ഉയരത്തിൽ ജീവിക്കുന്ന ഏക ജീവിയാണ്. തണുപ്പിൽനിന്ന് രക്ഷനേടാനായി ഇവയ്ക്ക് ദേഹം മുഴുവൻ വെളുത്ത രോമങ്ങൾ കാണാം. പെൺ ചിലന്തിക്ക് ഏകദേശം 5 മില്ലീ മീറ്ററും ആൺ ചിലന്തിക്ക് 4 മില്ലീ മീറ്ററും ആണ് ഉയരം. പക്ഷേ, ഇവയ്ക്ക് വംശനാശഭീഷണി ഇതുവരെ ഇല്ലായെന്നത് ആശ്വാസമുള്ള വാർത്തയാണ്.


### നിരീക്ഷണം

## ആദ്യ പറക്കൽ

പ്യൂപ്പയെ സംരക്ഷിക്കുന്ന ആവരണം കണ്ടിട്ടില്ലേ? കട്ടിയുള്ള ഒരു തോടായിരിക്കും അത്. അധികം ആരുടെയും കണ്ണിൽപ്പെടാതെ അത് നേർത്ത ഒരു ചരടുപോലെ ഇലയിലോ ഇലത്തണ്ടിലോ തൂങ്ങിനിൽക്കും അല്ലേ? കവചം പൊട്ടിച്ച് പൂമ്പാറ്റ പുറത്തുവരാൻ എടുക്കുന്ന സമയമോ? അഞ്ചോ ഏഴോ ദിവസങ്ങളാണ്. പുറത്തെത്തുന്ന പൂമ്പാറ്റ പ്യൂപ്പക്കുട്ടിനുള്ളിലെ ദ്രാവകത്തിൽ കുതിർന്നിരിക്കും. പിന്നെ അത്, ചിറകുണക്കി പറന്നുപോവാൻ ഏകദേശം ഒന്നര മണിക്കൂർ എടുക്കും.



സൃഷ്ടി



# എന്റെ മുറ്റത്തെ ചാമ്പമരം

**സൂര്യകിരൺ പി,** 4–ാം ക്ലാസ്, സെന്റ് ഫിലോമിനാസ് എൽ പി എസ്,കുനമ്മാവ്.



ചിത്രീകരണം: **ലിംന പി എസ്,**
5 ബി, എം കെ എം എൽ പി എസ്, പോങ്ങിൽ, തിരുവനന്തപുരം.

**എ**ന്റെ മുറ്റത്തൊരു ചാമ്പമരം ഉണ്ട്. അത് ഞങ്ങൾക്ക് നിറയെ ചാമ്പക്ക തരുമായിരുന്നു. നല്ല ചുവന്നുതുടുത്ത ചാമ്പക്ക. പഴുത്താൽ ചുവന്ന് ആപ്പിൾ പോലിരിക്കും.

അത് ആകാശത്തേക്കു വളർന്നപ്പോൾ തടസ്സം വന്നു. അപ്പോൾ അതിന്റെ കൊമ്പ് വെട്ടിമാറ്റി. ചാമ്പമരത്തിന് വിഷമമായിക്കാണും.

ചാമ്പയിൽ ഞാനും നിരനും കാർത്തിക്കും കയറുമായിരുന്നു. ഞാൻ ഏറ്റവും മുകളിൽ കയറി സൂര്യനെ നോക്കും. ബാക്കിയുള്ളവർ പകുതി വരെയേ വരുകയുള്ളൂ.

അതിലുണ്ടാകുന്ന ചാമ്പക്ക അമ്മ കൂട്ടുകാരികൾക്കും അച്ഛൻ കൂടെ പണി ചെയ്യുന്നവർക്കും ഞാൻ ക്ലാസ്സിലും കൊടുക്കും. പുഷ്പടീച്ചർക്കും കൂട്ടുകാർക്കും ചാമ്പക്ക ഇഷ്ടമായി. ജൻമദിനത്തിന് അത് നന്നായി കായ്ക്കും. ഞാൻ കയറി പൊട്ടിച്ച് സഞ്ചിയിലാക്കി കൊണ്ടു വരും.

കിളികളും വവ്വാലും അണ്ണാറക്കണ്ണൻമാരും ചാമ്പക്ക തിന്നാൻ വരും. ആദ്യമായിട്ട് തൊപ്പിക്കാരൻ കിളിയേയും നീണ്ടവാലുള്ള മഞ്ഞക്കിളി, തത്ത, കുയിൽ, വവ്വാൽ എല്ലാ പക്ഷികളേയും ദിവസവും കണ്ടത് ചാമ്പയിൽ വെച്ചാണ്. ഞാൻ എഴുന്നേറ്റു താഴത്തു വന്നു നോക്കുമ്പോൾ എത്ര കിളികളാണ്.

കൂട്ടുകാരെ... എന്നാലും എനിക്ക് മരമാകാൻ ഇഷ്ടമല്ല. എന്നെയും വെട്ടിമാറ്റിയാലോ?

## അമ്മ

**നിയ ആർ,** 7 A, മുട്ടുങ്ങൽ സൗത്ത് യു.പി. സ്കൂൾ, ചോറോട് , വടകര, കോഴിക്കോട്

സ്നേഹത്തിൻ ശക്തി
ഏത്തിൽ അണപൊട്ടുമ്പോൾ
അവിടെ ഉടലെടുക്കുമമ്മ
സ്നേഹമായ് ശക്തിയായ്
പ്രചോദനമായാവേശമായ്
തണലായ് സർവമായ്
എന്റെയമ്മ...
എൻ പ്രഥമാധ്യാപികയമ്മ
എൻ പ്രഥമ അറിവുമമ്മ
വന്ദിക്കുന്നു ഞാൻ
എന്റെ അമ്മയെ..



ചിത്രീകരണം: **ആൽവിയ അജിത്ത്,**
5, ജി യു പി എസ്, വേളമാനൂർ പി ഒ,
പാരിപ്പള്ളി, കൊല്ലം-691 574.

## പൂവ്

**ദേവാംഗന ശ്രീജിത്ത്,** ഏഴാം തരം, മേമുണ്ട ഹയർ സെക്കണ്ടറി സ്കൂൾ, വടകര



ചിത്രീകരണം:
**അർഷദ് എസ്,**
7, എം എച്ച് എസ് എസ്,
പുതുനഗരം,
പാലക്കാട്.

പുലരിയിൽ ഞാൻ കാണും
സുന്ദര സ്വപ്നമല്ലോ നീ, പൂവേ
മറക്കുന്നു, നൊമ്പരങ്ങൾ
നിൻ മുന്നിലെത്തുമ്പോൾ ഞാൻ

അസൂയയുണ്ടേ പൂമ്പാറ്റകളോട്
നിൻ കൂട്ടുകാരല്ലോ അവർ
കൊതിക്കുന്നു, അരികിലെത്താൻ
നിൻ പുഞ്ചിരി കാണുമ്പോൾ,പൂവേ.



തട്ടീം മുട്ടീം

**ഷിനോര** ചിത്രീകരണം: കെ.സതീഷ്

# കോഫികളർ ഈഗിളിന്റെ കോഫികളർ പാൻകേക്ക്

ഒരിക്കലൊരിടത്ത് ഒരു കോഫികളർ ഈഗിൾ ഉണ്ടായിരുന്നു. വൈറ്റ് പലാസോ മാത്രം ധരിക്കുകയും ബനാനാ പാൻകേക്ക് മാത്രം കഴിക്കുകയും ചെയ്യുന്ന ക്യൂട്ട് ഈഗിൾ.

എത്ര നല്ല ബനാന കിട്ടിയാലും പാൻകേക്ക് ഉണ്ടാക്കാനായി ഈഗിൾ കരുതിവെക്കും.

മോര് കിട്ടിയാലും മുട്ട കിട്ടിയാലും പാൻകേക്കിനായി കരുതിവെക്കും. പക്ഷേ, മദർ ഈഗിളിനും ഡാഡ് ഈഗിളിനും പുറത്തുനിന്ന് ക്യൂട്ട് ഈഗിളിന് വാങ്ങിക്കൊടുക്കേണ്ടി വന്നത് രണ്ടേ രണ്ടു സംഗതികളാണ്.

അതിലൊന്ന് ബേക്കിങ് സോഡയും മറ്റൊന്ന് വനില എസ്സൻസുമായിരുന്നു.

പാൻകേക്കുണ്ടാക്കാൻ തുടങ്ങിയാൽ ഈഗിളിന് മറ്റൊന്നും ഓർമയുണ്ടാവില്ല. ഓൺലൈൻ ക്ലാസ് എത്ര ദിവസം വേണമെങ്കിലും കട്ട് ചെയ്യും.

നോ... നോ... മദർ ഈഗിൾ വിലക്കും. ക്ലാസ് കളഞ്ഞുള്ള പാചകമൊന്നും വേണ്ട.

എന്നാലും പാൻകേക്ക് ഉണ്ടാക്കുമ്പോൾ ക്യൂട്ട് ഈഗിൾ ഒന്നും ശ്രദ്ധിക്കില്ല.



നല്ല പിസ്റ്റക്കപ്പ് ഒരെണ്ണം ഈഗിളിനുണ്ട്. അതിൽ മുക്കാൽ കപ്പ് മൈദയെടുക്കും.

ഇഷ്ടമുള്ള ഏതു പഴവും ബനാന പാൻകേക്കിന് ഉപയോഗിക്കാം.

പക്ഷേ, ഈഗിളിന് ഇഷ്ടം റോബസ്റ്റയാണ്. വലിയ റോബസ്റ്റയാണെങ്കിൽ ഒന്നരയെണ്ണം മതി. നന്നായി പാകമാവണം. എന്നിട്ടത് ഉടച്ച് വയ്ക്കും. മധുരം നന്നായി ഇഷ്ടമുള്ളതുകൊണ്ട് ആ




പിസ്റ്റക്കപ്പിൽ കാൽകപ്പ് തന്നെ പഞ്ചസാരയെ ടുക്കും. വെണ്ണ നാല് വലിയ സ്പൂൺ. മുട്ടയും മോരും വേണം. മുട്ട ഒന്ന് മതി. മോര് കാൽ കപ്പ്.

ഉപ്പ് ആവശ്യത്തിന് മതി. ബേക്കിങ് സോഡ കാൽ സ്പൂൺ മതി. വനില എസ്സൻസ് 1 ടീസ്പൂൺ തന്നെ വേണം.

ഇനി ഈഗിൾ എന്തു ചെയ്യുമെന്നോ? ബേക്കിങ് സോഡയും മൈദയും ആവശ്യത്തിന് ഉപ്പും ചേർത്ത് അസ്സലായി യോജിപ്പിക്കും.

അടുത്തത് ഉടച്ച പഴവും മോരും പഞ്ചസാരയും വനില എസ്സൻസും മുട്ടയും മറ്റൊരു പാത്രത്തിൽ നന്നായി യോജിപ്പിച്ചു വയ്ക്കണം.

ഇനി ഈ ചേരുവ മൈദ കൂട്ടിവച്ചതിലേക്ക് ചേർത്ത് നന്നായി യോജിപ്പിക്കണം.

ഈഗിൾ ഒരു തവ എടുത്തു വെണ്ണ ഒഴിച്ച് തുടച്ചശേഷം ഓരോ കയിൽ മാവ് കോരിയൊഴിച്ചു. എന്നിട്ട് ചെറുതീയിൽ വേവിക്കാൻ തുടങ്ങി.

കോഫികളർ ഈഗിളായതു കൊണ്ട്, പാൻകേക്ക് മറിച്ചിട്ട് കോഫികളർ നിറമായി വരുമ്പോൾ അത് ഒരു പാത്രത്തിലേക്ക് ചുട്ടുവയ്ക്കാൻ തുടങ്ങി.

ഹായ്... യോ... യോ... പാൻകേക്ക്... മൈ കോഫികളർ പാൻകേക്ക്. ഈഗിൾ വിളിച്ചുപറഞ്ഞു.

മുകളിൽ തേൻപുരട്ടി കോഫികളർ പാൻകേക്ക് കോഫികളർ ഈഗിൾ കൊത്തിക്കൊത്തി തിന്നു.

നിങ്ങൾക്കൊരു ഈഗിളായി അടുക്കളയിലെത്താൻ തോന്നുന്നുണ്ടോ? എന്നാൽ വേഗം വന്നോളൂ.





**പ്രേമജ ഹരീന്ദ്രൻ**

18

ചിത്രീകരണം: റോഷൻ




'പതിവില്ലാതെ ഇന്നെന്താണ് അസംബ്ലി? ഇന്ന് വ്യാഴാഴ്ചയാണല്ലോ' മൈക്കിലൂടെ അസംബ്ലിയിലെത്താനുള്ള അറിയിപ്പ് മുഴങ്ങിയപ്പോൾ സുപ്പ സംശയിച്ചു. സാധാരണ തിങ്കളാഴ്ചകളിലും ബുധനാഴ്ചകളിലുമാണ് സ്കൂൾ അസംബ്ലി കൂടാറുള്ളത്.

ഹെഡ്മാസ്റ്റർ പതിവുകാര്യങ്ങൾക്കു ശേഷം പ്രധാനപ്പെട്ട ഒരു കാര്യം അറിയിക്കുന്നതിനുവേണ്ടി വിനയടീച്ചറെ അസംബ്ലിയിലേക്ക് ക്ഷണിച്ചു.

"കുട്ടികളേ കഴിഞ്ഞമാസം യു.പി. സ്കൂൾ കുട്ടികൾക്കായി 'എന്നെ ഏറ്റവും സ്വാധീനിച്ച മഹത്‌വ്യക്തി' എന്ന വിഷയത്തിൽ സ്കൂളിൽ ഉപന്യാസമത്സരം നടത്തിയത് നിങ്ങൾ ഓർക്കുന്നുണ്ടാവുമല്ലോ. സ്കൂളിൽ എഴുതി കിട്ടിയതിൽ ഏറ്റവും നല്ല മൂന്ന് രചനകൾ ഞങ്ങൾ സബ്ജില്ലാ തലത്തിലേക്കയച്ചിരുന്നു. അവിടെ നിന്ന് തെരഞ്ഞെടുത്തവ ജില്ലാതലത്തിലേക്കും. ജില്ലാതലത്തിൽ ഏറ്റവും മികച്ച രചനയായി തെരഞ്ഞെടുക്കപ്പെട്ട ഒരു രചന എന്റെ കയ്യിലുണ്ട്. നിങ്ങൾക്കായി ഞാൻ അത് ഇവിടെ വായിക്കാം.

"ലോകം മുഴുവൻ വേദനകളാണെങ്കിലും അതിനെ അതിജീവിക്കാനുള്ള ശക്തിയും ലോകം തന്നെ തരുന്നു."

"സൂര്യപ്രകാശത്തിലേക്ക് മുഖം തിരിച്ചിരിക്കുമ്പോൾ നിങ്ങൾക്ക് നിഴലുകളെ കാണാനാവില്ല."

നിശ്ചയദാർഢ്യത്തിന്റെ മൂർത്തീഭാവമായ ഹെലൻ കെല്ലർ എന്ന അമേരിക്കൻ വനിതയുടെ വാക്കുകളാണിവ. രോഗം മൂലം കാഴ്ചയുടെയും കേൾവിയുടെയും ലോകം നിഷേധിക്കപ്പെട്ട ഹെലൻ ഈ ലോകത്തിലെ ഏറ്റവും മനോഹരമായ കാര്യങ്ങൾ ആസ്വദിക്കാൻ കണ്ണോ കയ്യോ വേണ്ട; ഹൃദയം മാത്രം മതിയെന്ന് ലോകത്തിന് കാട്ടിക്കൊടുത്തു.

1880 ജൂൺ 27 ന് സൈനികോദ്യോഗസ്ഥനായ ആർതർ എച്ച് കെല്ലറുടെയും വീട്ടമ്മയായ കെയ്റ്റ് ആഡംസിന്റെയും മകളായി ഹെലൻ കെല്ലർ ജനിച്ചു. പത്തൊൻപതുമാസം വരെ ആരോഗ്യമുള്ള കുട്ടിയായിരുന്നു ഹെലൻ. 1882 ഫെബ്രുവരിയിൽ മാരകമായ ഒരു മസ്തിഷ്കജ്വരം കൊച്ചുഹെലനെ ബാധിച്ചു. കുഞ്ഞു മരിച്ചുപോകുമെന്നാണ് കരുതിയതെങ്കിലും അതുണ്ടായില്ല. പക്ഷേ, കാഴ്ചയും കേൾവിയും നഷ്ടപ്പെട്ടു. ശബ്ദവും വെളിച്ചവും ഇല്ലാത്ത ഒരു ലോകത്തേക്ക് ഹെലന് പുനർജന്മം ലഭിച്ചു എന്നുപറയാം.

മറ്റുള്ളവർ സംസാരിക്കുന്നതുപോലെ എനിക്ക് സംസാരിക്കാൻ കഴിയുന്നില്ല എന്ന തിരിച്ചറിവ് കുട്ടിയായ ഹെലനെ വാശിക്കാരിയും ദേഷ്യക്കാരിയുമാക്കി മാറ്റി. അച്ഛനുമമ്മയും ഹെലനെയും കൊണ്ട് ലോകപ്രശസ്ത ശാസ്ത്രജ്ഞനായ അലക്സാണ്ടർ ഗ്രഹാംബെല്ലിന്റെയടുത്തെത്തി. ഡോ. ബെല്ലിന്റെ ആർദ്രതയും സഹാനുഭൂതിയും ആ കുഞ്ഞ് തിരിച്ചറിഞ്ഞു. ഹെലന്റെ ആംഗ്യഭാഷ അദ്ദേഹം മനസ്സിലാക്കിയെടുത്തു.

ഹെലന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു ആ സന്ദർശനം. ഗ്രഹാംബെൽ ആനി സള്ളിവൻ എന്ന അധ്യാപികയെ ഹെലൻ

കെല്ലറെ പഠിപ്പിക്കുവാനായി ഏർപ്പാട് ചെയ്തു. ഹെലനേക്കാൾ പതിനാലു വയസ്സിന് മുതിർന്ന ആനിയ്ക്ക് കുസൃതിക്കാരിയായ ഹെലനെ സന്തോഷവതിയാക്കാൻ, നല്ല പെരുമാറ്റമുള്ളവളാക്കാൻ സാധിച്ചു.

ഒരുപക്ഷേ, ആനി സള്ളിവൻ എന്ന അധ്യാപിക ഇല്ലായിരുന്നെങ്കിൽ ഹെലൻ കെല്ലർ എന്ന പ്രതിഭയെ ലോകത്തിന് ലഭിക്കുമായിരുന്നില്ല.

ഒരുദിവസം കയ്യിലൊരു പാവയുമായി ഹെലന്റെ അടുത്തെത്തിയ ആനി പാവ ഹെലന് നൽകിയശേഷം അവളുടെ കയ്യിൽ റീഹഹ എന്നെഴുതി.



വിരലുകൾ കൊണ്ടുള്ള ആ കളിയിൽ താല്പര്യം തോന്നിയ ഹെലൻ ജീവിതത്തിലാദ്യമായി ഒരു വാക്കു പഠിച്ചു. റീഹഹ. അത് ഒരു തുടക്കമായിരുന്നു. ബ്രെയിലി ലിപി വശത്താക്കിയതോടെ ഗണിതവും ഇംഗ്ലീഷും ഫ്രഞ്ചും സസ്യശാസ്ത്രവും ജന്തുശാസ്ത്രവുമെല്ലാം അനായാസം ഹെലൻ പഠിച്ചെടുത്തു.

പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും പ്രഗത്ഭരായ രണ്ടു വ്യക്തികൾ നെപ്പോളിയനും ഹെലൻ കെല്ലറുമാണെന്ന് മാർക്ട്വയിൻ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. വൈകല്യമില്ലാത്ത സ്ത്രീകൾ കടന്നുചെല്ലാൻ മടിച്ച രംഗങ്ങളിൽപ്പോലും സധൈര്യം ആനിട്ടീച്ചറുടെ കൈയും

പിടിച്ച് ഹെലൻ കെല്ലർ കടന്നു ചെന്നു.

'ദ സ്റ്റോറി ഓഫ് മൈ ലൈഫ്' എന്ന ഹെലൻ കെല്ലറുടെ ആത്മകഥ ലോകമെങ്ങും ചർച്ച ചെയ്യപ്പെട്ടു. 'ദി വേൾഡ് ഐ ലിവ് ഇൻ' എന്ന കൃതിയിൽ മറ്റുള്ളവരിലൂടെ താൻ കാണുന്ന ലോകത്തെപ്പറ്റി ഹെലൻ വിവരിക്കുന്നു.

തന്റെ സാഹിത്യപ്രവർത്തനം വഴി ലഭിച്ച തുക മുഴുവൻ ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടിയാണ് ഹെലൻ നീക്കിവെച്ചത്. 1915-ൽ ഇത്തരക്കാരുടെ ക്ഷേമത്തിനായി ഒരു അന്താരാഷ്ട്ര സംഘടന സ്ഥാപിച്ചു. സ്ത്രീകൾക്കും ശാരീരികാവശതയനുഭവിക്കുന്നവർക്കും കറുത്ത വർഗക്കാർക്കുമൊക്കെ വേണ്ടി ഹെലൻ പ്രവർത്തിച്ചു.

"ജീവിതത്തിന്റെ അടഞ്ഞ വാതിലിനു മുന്നിൽ ഏകയായി കാത്തിരിക്കുമ്പോൾ തണുത്ത മൂടൽമഞ്ഞുപോലെ ഒരു ഒറ്റപ്പെടൽ എനിക്ക് പലപ്പോഴും അനുഭവപ്പെടാറുണ്ട്. അപ്പുറത്ത് വെളിച്ചവും സംഗീതവും മധുരതരമായ ചങ്ങാത്തവുമുണ്ട്. പക്ഷേ, എനിക്കവിടെ പ്രവേശിക്കാനാവില്ല. എങ്കിലും എനിക്ക് സങ്കടമില്ല. ഞാൻ മറ്റുള്ളവരുടെ കണ്ണുകളിലെ പ്രകാശത്തെ എന്റെ സൂര്യനായും അവരുടെ കർണങ്ങളിലെ സംഗീതം എന്റെ സിംഫണിയായും അവരുടെ ചുണ്ടുകളിലെ പുഞ്ചിരി എന്റെ ആഹ്ലാദമായും മാറ്റാൻ ശ്രമിക്കുന്നു." ഇച്ഛാശക്തിയുടെ പ്രതീകമായ ഹെലൻ കെല്ലറുടെ ഈ വാക്കുകളാണ് എനിക്ക് ഏറെ മഹത്തരമായി തോന്നിയത്.

ചെറിയൊരു ശാരീരികവൈകല്യമുള്ള ഞാൻ അതിനെച്ചൊല്ലി എത്രമാത്രം വേദനിക്കുന്നു! എന്നാൽ വാക്കുകളും കാഴ്ചയും സംഗീതവുമില്ലാത്ത ഒരു ലോകത്തുനിന്ന് ഇത്രയേറെ പ്രസാദാത്മകമായി ജീവിതത്തെ നോക്കിക്കണ്ട ഹെലൻ കെല്ലറുടെ മാഹാത്മ്യം എത്രയെന്ന് പറയാനാവുമോ? അതുകൊണ്ടു തന്നെ എന്റെ ഇതുവരെയുള്ള ജീവിതത്തിൽ എന്നെ ഏറ്റവും സ്വാധീനിച്ച മഹത്‌വ്യക്തിയായി ഹെലൻ കെല്ലറെ ഞാൻ ഉയർത്തിക്കാട്ടുന്നു."

വായിച്ചു തീരുമ്പോൾ ടീച്ചറുടെ ഒച്ച ഇടറിയിരുന്നു.

"ഇതാരുടേതാണെന്നു നിങ്ങൾക്കു മനസ്സിലായോ?" കയ്യിലെ കടലാസ് ഉയർത്തിപ്പിടിച്ചുകൊണ്ട് ടീച്ചർ ചോദിച്ചു.

കുട്ടികളുടെയെല്ലാം നോട്ടം സുപ്പുവിലേക്ക് തിരിഞ്ഞു. അവർക്കറിയാം ആ സ്കൂളിൽ സുപ്പുവിനല്ലാതെ ഇത്ര ഭംഗിയായി എഴുതാൻ മറ്റാർക്കും കഴിയില്ലെന്ന്. ഒരു കാലത്ത് എല്ലാവരും പരിഹസിച്ചിരുന്ന സുപ്പു ഇന്ന് അവരുടെയൊക്കെ ആരാധനാപാത്രമാണ്. നല്ല വായനക്കാരനായ അവന് ആകാശത്തിന് കീഴിലുള്ള എന്തിനെപ്പറ്റിയും സംസാരിക്കാൻ കഴിയുന്നത് അവരെ അത്ഭുതപ്പെടുത്താറുണ്ട്. ടീച്ചർ തുടങ്ങിയ ഒരു കയ്യടി പലതായി നിറഞ്ഞ കരഘോഷമായി ഉയർന്നു. സുപ്പുവിന്റെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞൊഴുകുകയായിരുന്നു.

(തുടരും)

## കടങ്കവിത

**ജോസ് പ്രസാദ്**

മണമത്ര നന്നല്ല
വളമാണ് വിളകൾക്ക്
വേലി കെട്ടീടുന്ന
വടിയാണ് കുട്ടരേ!



ഉത്തരം അടുത്ത ലക്കത്തിൽ

**നവംബർ 16 ഉത്തരങ്ങൾ**

1. കടങ്കഥ
2. കട്ടിൽ
3. സ്മാർട് ഫോൺ

# വരേം  കുറീം

കൂട്ടുകാർക്കുള്ള രചനാ
മത്സര പംക്തിയാണ് വരേം കുറീം.

രചനകൾ കിട്ടേണ്ട അവസാന
തിയ്യതി ഡിസംബർ 15

കുട്ടി പൂച്ചയോട് പറഞ്ഞു:

"വേഗം നടന്നോ ഇല്ലെങ്കിൽ മഴ കൊള്ളേണ്ടിവരും."

പൂച്ച ഓടി മുന്നിലെത്തി. മഴ ആർത്തുവരുന്ന ഒച്ച കുട്ടി കേട്ടു.

മരച്ചില്ലകൾ മഴയ്ക്കായി കാത്തിരുന്നു.

ഇലകളോരോന്നും മോളിലേക്ക് നോക്കി കണ്ണടച്ചുനിന്നു. പൂക്കൾ മഴ വീണ് കുതിരാതെ നിൽക്കാൻ ഇലകൾക്കിടയിലേക്ക് ഒളിച്ചു.

## മഴവരികൾ നിറച്ചെഴുതൂ...



മഴ ഓടിവരികയായിരുന്നു. അതിന്റെ ചിരിക്കുന്ന ശബ്ദം. "ഇതാ... ഇതാ... ഞാനെത്തിപ്പോയി" എന്ന് പറഞ്ഞുകൊണ്ടേയിരുന്നു.

മണ്ണിനെ കെട്ടിപ്പുണർന്നുനിന്ന പുല്ലുകളെല്ലാം പേടിയോടെ ഇറുകെപ്പിടിച്ചുനിന്നു.

അങ്ങനെ മഴയെത്തുകയായി.

തെറിച്ചുവീഴാൻ പാകത്തിൽ, ചിതറിത്തെറിച്ച് ഒഴുകാനായി മൺതരികളും തിരക്ക് കൂട്ടി.

ഇനി എന്തായാലും ഓടി വീട്ടിലെത്തില്ല.

കുട്ടിയും പൂച്ചയും ഒരു വലിയ മരച്ചോട്ടിൽ നിന്നു.

നനയാൻ തയ്യാറായിക്കോ...

കുട്ടി പൂച്ചയോട് പറഞ്ഞു.

അങ്ങനെ മഴയെത്തി. ഒപ്പം കാറ്റുമുണ്ടായിരുന്നു.

മരം മഴയെ കണ്ട് കണ്ണുകളടച്ച് പുഞ്ചിരിച്ചു.

കുട്ടിയും ആ കാഴ്ച കണ്ടു. കാറ്റിനു പിന്നാലെ മത്സരിച്ചോടുന്ന മഴയും കുട്ടിയെ കണ്ടിട്ടുണ്ടാവാം. കുട്ടി ആ കാഴ്ച കണ്ട് മനസ്സിലെഴുതി.

*വന്നൊരു കാറ്റി–*
*ലുലഞ്ഞ മരച്ചില്ല*
*തന്നു മനസ്സു*
*നിറഞ്ഞ മലർമഴ*

പക്ഷേ, ബാക്കി എത്ര നോക്കിയിട്ടും എഴുതാനായില്ല. കൂട്ടുകാർക്ക് സഹായിക്കാമോ?

നാലോ ആറോ വരികൾ കുട്ടിയുടെ വരിയോട് ചേരുന്നവ എഴുതിത്തരൂ. നമുക്ക് കുട്ടിക്ക് കൊടുക്കാം. മികച്ച രചനകൾ പ്രസിദ്ധീകരിക്കാം. വേഗം ആവട്ടെ.

ഇതാ വാട്ട്സ് ആപ്പ് നമ്പർ:
9497172919



# രാമാസേട്ടന്റെ കഥ... എന്റേതും

**പി വി സന്തോഷ്**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

രാമാസേട്ടൻ എന്റെ അച്ഛൻ പെങ്ങളുടെ മകനാണ്.
രാമദാസൻ അതാണ് ശരിക്കും പേര്.
വെളുത്ത് ചുളിവുകൾ വീണ മുഖം.
നേർങ്ങനെയുള്ള മുടി.
താടിയുണ്ട്... ചെറിയ കണ്ണുകൾ.
മൂപ്പർക്ക് പ്രത്യേകിച്ച് ജോലിയൊന്നുമില്ല.
ജനസേവനമാണ് ലക്ഷ്യം.

കല്യാണച്ചടങ്ങുകളിൽ, മരണ വീട്ടിലെ ചടങ്ങുകളിൽ, തൊഴിലിടങ്ങളിൽ, തിരക്കു പിടിച്ച ദേശീയപാതയിൽ റോഡ് മുറിച്ചുകടക്കാൻ പ്രായമേറിയവരെ സഹായിക്കാൻ അങ്ങനെ എല്ലായിടത്തും.

ബാലേട്ടന്റെ ചായപ്പീടികയിലോ കുമാരൻ



വൈദ്യരുടെ കടയിലോ ആയിരിക്കും മറ്റ് സമയങ്ങളിൽ.

അൽപ്പം വൈദ്യവുമുണ്ട് കക്ഷിക്ക്.

വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കുന്നത് അപൂർവം.

ചായ്പ്പിലെ മുറിയിലാണ് താമസം.

അകത്ത് കയറുന്നത് തന്നെ വല്ലപ്പോഴും.

എന്റെ അച്ഛന് കഷണ്ടിയാണെങ്കിലും കുളിക്കുന്നതിന് മുമ്പ് തലയിൽ കാച്ചെണ്ണ തേക്കണം.

അതിന് മരുന്ന് രാമാസേട്ടനാണ് പറിച്ചു തരുന്നത്.

ഞാനും കൂടെ പോകും, ഒരു ചെറിയ തുണി സഞ്ചിയുമായി.

അമ്പലത്തിനരികിലേക്ക് പോകുന്ന വഴിയിൽ ധാരാളം മൺ ഭിത്തിയുണ്ട്. അതിൽ എന്തൊക്കെയോ ചെറു ചെടികൾ.

അതിൽ നിന്നും തിരിഞ്ഞു പിടിച്ച് ചിലതൊക്കെ പറിച്ച് സഞ്ചിയിലിട്ടു തരും.

ചെടിയുടെ പേരൊന്നും ചോദിച്ചാലും പറഞ്ഞു തരില്ല.



എത്ര കാലം ഇങ്ങനെ കിട്ടുമെന്നറിയില്ല എന്നു സങ്കടപ്പെടും.

രാമാസേട്ടന്റെ സങ്കടം പോലെ ഇപ്പോൾ, മൺ ഭിത്തികളില്ല. എല്ലാം സിമന്റ് ഭിത്തികൾ

ഒരു ചെടി പോലും തല നീട്ടാൻ അനുവദിക്കാതെ കെട്ടിപ്പൂട്ടിയിരിക്കുന്നു.

ദേശീയ പാതയോരത്ത് ഇരുനിലയാണ് തറവാട് വീട്. പതിനാല് മുറികൾ, രണ്ട് ഇടനാഴി, വലിയ നടുമുറി.

നടുമുറിയിൽ നിന്ന് അടുക്കളയിലേക്ക് വിശാലമായ വഴി, ഒരു വലിയ കോനായി, രണ്ട് ചായ്പ്പ് മുറി.

വീട്ടിൽ പത്തിരുപത് ആളുകൾ. എട്ട് കുട്ടികൾ.

കൂട്ടുകുടുംബമായിരുന്നു. അടുക്കളയിൽ അഞ്ചാറടുപ്പുകൾ.

കുളിമുറിയും കിണറും വലുതാണ്. ശുദ്ധമായ വെള്ളം.

കിണറിൽ നിന്ന് വെള്ളം കോരുന്നത് പാള കൊണ്ടാണ്.

നാട്ടുകാർക്കാർക്കും വെള്ളം കോരാം.

പാള തയ്യാറാക്കുന്നത് മൂത്തമ്മയാണ്.

പല അടുപ്പിലാണ് ഭക്ഷണം തയ്യാറാക്കുന്നതെങ്കിലും ഞങ്ങൾ കുട്ടികളുടെ തീറ്റ ഒരുമിച്ചാണ്.

പീഠം പോലുള്ള പലകയിലാണ് ഇരിപ്പ്.

പാത്രത്തിലെ ചോറിന് നിറവും മണവും വേറെ വേറെയാണെങ്കിലും എല്ലാം എല്ലാർക്കും

കിട്ടും.
അമ്മമാർ നിരന്നങ്ങനെ വിളമ്പും.
രാമാസേട്ടനും വിളമ്പാനുണ്ടാകും.
ഒരു ദിവസം രാമാസേട്ടൻ വലിയ ഒരു മീനുമായി കിണറ്റിങ്കരയിൽ വന്നു.
നെയ്മീനാത്രേ...
ഞങ്ങടെ ഒരാൾ വലിപ്പമുണ്ട് മീനിന്.
വലക്കാര് കൊടുത്തതാത്രേ.
എല്ലാ സ്ത്രീകളേയും വിളിച്ചു കൂട്ടി.
ആറു കഷണങ്ങളാക്കി.
വീട്ടിലന്ന് വെളിച്ചെണ്ണയിൽ മുളകും മീനും വേവുന്ന മണവും ഒച്ചയും.
ഉത്സവമായിരുന്നു അന്ന്.
ഞങ്ങടെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം.
നിരന്നിരുന്ന് അമ്മമാർ വിളമ്പുമ്പോൾ ഏത കഷ്ണത്തിലേതാണ് രുചി കൂടുതൽ എന്നറിഞ്ഞതേയില്ല.
രാമാസേട്ടന്റെ ചിരിക്കുന്ന മുഖം ഓർമയിലെന്നുമുണ്ടാകും.
തറവാട്ട് കാരണവരെപ്പോലെ കുട്ടികളുടെ മത്സരിച്ചുള്ള തീറ്റ പ്രോത്സാഹിപ്പിക്കുന്ന രാമാസേട്ടൻ.
ഞാൻ പഠിച്ച



എൽ.പി സ്കൂളിനടുത്ത് പഞ്ചാര കുമാരേട്ടന്റെ ചായക്കടയുണ്ട്.
വൈകുന്നേരത്തെ രാമാസേട്ടന്റെ ചായ അവിടുന്നാ.
അതിനപ്പുറത്ത് വായനശാല.
എന്റെ അച്ഛനാത്രേ വായനശാല സ്ഥാപിക്കാൻ മുൻകൈയെടുത്തത്.
വായനശാലയിൽ കയറി രാമാസേട്ടൻ പിന്നെ ഒരു വായനയാണ്.
ഒരിക്കൽ ഞങ്ങൾ കുട്ടികളെ രാമാസേട്ടൻ കടലു കാണിക്കാൻ കൊണ്ടുപോയി.
അതുവരെ ഗൗരവക്കാരനായിരുന്ന ആൾ ഇതാ തമാശപറയുന്നു.. ചിരിക്കുന്നു
ഞാനപ്പോൾ ധൈര്യത്തോടെ ചോദിച്ചു.
രാമാസേട്ടന്റെ അച്ഛനും അമ്മയും എവിടേന്ന്.
ദൂരെ ഒരു സ്ഥലം പറഞ്ഞു.
"ചെറുപ്പത്തിലേ ഞാനും സഹദേവനും നിന്റെ അച്ഛന്റെ കൂടെ ഇങ്ങു പോന്നില്ലേ.."
ഗൗരവത്തിലായിരുന്നു മറുപടി.
ഞാനും രാമാസേട്ടനും ഇരുപത് വയസെങ്കിലും വ്യത്യാസം കാണും.
ചെറുപ്പത്തിൽ ഒറ്റയ്ക്കാകുമ്പോൾ ഞാൻ കട്ടുറുമ്പുകളെ അടിച്ചു കൊല്ലാറുണ്ട്.
മുറ്റത്തെ വെൺപൂഴിയിൽ വട്ടം വരക്കും.
വരക്കുള്ളിൽ കയറുന്ന കട്ടുറുമ്പുകളെ അടിച്ചു കൊല്ലും.
ഒരിക്കൽ രാമാസേട്ടൻ ഇതു കണ്ടു.
അയ്യോ മോനെ അങ്ങനെ ചെയ്യല്ലേ.. അവയില്ലെങ്കിൽ നമ്മളുമില്ല.
എനിക്കൊന്നും മനസ്സിലായില്ല.
പറഞ്ഞത് രാമാസേട്ടനായത് കൊണ്ട് പിന്നീടത് ചെയ്തിട്ടില്ല.
ഇപ്പോൾ കണ്ണ് കഴിഞ്ഞ് വേദനകൾ തിന്ന് വേച്ചു നടക്കുന്ന എന്റെ രാമാസേട്ടൻ.
തറവാട്ടിൽ ഇപ്പോ രണ്ടാൾ മാത്രം.



# മരമെത്ര സുന്ദരം

മധു ആലപ്പടമ്പ്

കുടപോലെ വെയിലിന്റെ
ചൂടിന്നു തണലുമായ്
വഴിവക്കിൽ വേനലിൽ
പൂത്തു നിൽക്കും!

അകലെ നിന്നെത്തുന്ന
കാറ്റിന്നു ചില്ലയാൽ
തലയാട്ടി പുതു താള-
മേകി നിൽക്കും!

മരമെത്ര സുന്ദരം
തലയിലഞ്ചിലകളാൽ
മുടിവച്ച ഹരിതക-
പ്പച്ച നീർത്തി!

കിളിയുണ്ട് കൂട്ടവ-
ച്ചടയിരുന്നൊരു പാട്ട്
കുറുകുന്നു പുലരി-
പ്പദങ്ങളായി!

തണലാണ് തണുവാണ്
ഉയിരിനെക്കാക്കുന്ന
വരമാണ് മരമെന്ന-
തേക സത്യം..!

ചിത്രീകരണം: സൂരജ് കക്കറയിൽ





# മണമില്ലാത്ത പൂക്കൾ

ഷിംന കെ

ചിറകിൽ ചുവപ്പും മഞ്ഞയുമുള്ള
രണ്ടു പൂമ്പാറ്റകളാണ് പൂക്കൾക്ക്
മണമില്ലാന്ന് പറഞ്ഞത്.
ഇതാണാ പൂമ്പാറ്റകൾ.

കണ്ടില്ലേ
പൂമ്പാറ്റകൾക്ക്
നിറമേ ഇല്ല.
നിങ്ങൾ അവയ്ക്ക്
ചുവപ്പും മഞ്ഞയും
നിറങ്ങൾ
കൊടുക്കൂ...




അങ്ങനെ പൂമ്പാറ്റകൾ പാറിപ്പാറി
പുഴക്കരയിലുള്ള നീലക്കിളിയുടെ അടുത്തെത്തി.



അവർ പറഞ്ഞു:
“നീലക്കിളീ നീലക്കിളീ
ഞങ്ങളൊരുപാട്
മണമില്ലാത്ത
പൂക്കളെ കണ്ടു.”

അതുകേൾക്കാതെ
മീനുമായി നീലക്കിളി
പറന്നു.

ചിത്രീകരണം: രാജീവ് എൻ ടി



ചാക്കിൽ കാരറ്റുമായി പോവുന്ന
കുഞ്ഞുവാലൻ മുയലും കേട്ടു
മണമില്ലാത്ത പൂക്കളെപ്പറ്റി.

പൂമ്പാറ്റകൾ പറഞ്ഞു, "പോയി കണ്ടു
പോന്നോ മുയലേ..."




*മുയലിന്റെ ചാക്കിലുള്ളത് ഇതിലേതാണ്? തൊട്ടു കാണിക്കൂ...*





മരത്തിലുറക്കം തൂങ്ങുന്ന
കൂമൻവല്ല്യച്ഛനെ വിളിച്ചുണർത്തി
പൂമ്പാറ്റകൾ പറഞ്ഞു. മണമില്ലാത്ത
പൂക്കളെ കണ്ടിട്ടുണ്ടോ?




*അതൊന്നും കേൾക്കാതെ വല്ല്യച്ഛൻ
ഉറങ്ങാൻ തുടങ്ങി. ഉറങ്ങുന്ന വല്യച്ഛ
നെ 1 മുതൽ 10 വരെയുള്ള കുത്തുകൾ
യോജിപ്പിച്ച് വരയ്ക്കാനാവുമോ?*

അങ്ങനെ പൂമ്പാറ്റകൾ
പറഞ്ഞു പറഞ്ഞു പാറിപ്പാറി
മണമില്ലാത്ത പൂക്കളുടെ
അടുത്തെത്തിയപ്പോൾ
അവിടെ ആകെ മണം.

ഹായ്... എന്താ മണം.
പൂമ്പാറ്റകൾ പറഞ്ഞു.

നോക്കിയപ്പോൾ
മണമില്ലാത്ത പൂക്കൾ
നിന്നു ചിരിക്കുന്നു.

പൂമ്പാറ്റകൾ വേഗം
തേൻകുടിക്കാനായി പറന്നു
ചെന്നു. പിന്നെ തേൻ കുടിച്ചു
പാറിപ്പോയി.



അപ്പോൾ മണമില്ലാത്ത
പൂക്കളുടെ ഇടയിൽ വിരി
ഞ്ഞുനിന്ന പൂവു ചിരിച്ചു.

"ഹോ... എന്തു
മണമാ നിനക്ക്."
മണമില്ലാത്ത
പൂക്കൾ പറഞ്ഞു.





പൂമ്പാറ്റകൾ പറഞ്ഞതുകേട്ട്
മണമില്ലാത്ത പൂക്കളെ
കാണാനെത്തിയ ചങ്ങാതിമാരും
ചിരിച്ചു. "പാവം പൂമ്പാറ്റകൾ"
അവർ പറഞ്ഞു.





ഇതാ ആ ചങ്ങാതിമാർ
ചിരിച്ചു നിൽക്കുന്നു.
ഇവരുടെ പേരു
പറയാമോ നിങ്ങൾക്ക്.

കഥനേരം–5


സുട്ടു പറയുന്ന കഥകൾ

# കാട്ടിലെ കുളം



പാറു

ചിത്രീകരണം: കെ.സതീഷ്




സുട്ടുവിന് ആകെ കാടാണ് കഥ. തോട്ടിലെ വെള്ളത്തിലാണ് കഥ.

ഇന്നും അതു തന്നെയാണ്. സുട്ടു അമ്മയുടെ ഒരു പുസ്തകം തുറന്നുവച്ച് കാലും നീട്ടിയിരുന്ന് വായിക്കാൻ തുടങ്ങി:

"അമ്മാ, ഞാനേയ് കഥ വായിക്കാം ട്ടോ.."

"ഉം, വായിക്ക്" അമ്മ സമ്മതം നൽകി.

"ഒര്രു...കാട്ടിലേയ്..."

അതേ വരി, അതേ കഥ, അമ്മ തലകുലുക്കി കേട്ടു.

"ഒര്രു മൊയല് ണ്ടാരുന്നു."

ഓ, അപ്പോ കഥ മാറി. ആ ആമേടേം മൊയലിന്റേം കഥയാവും. അവളാദ്യം പഠിച്ച കഥ. അമ്മ അതു പ്രതീക്ഷിച്ചിരുന്നു.

"ആ മൊയല്.. ഒരു ദുവസം കാട്ടില്... തോട്ടിലെ വെള്ളത്തില് എറങ്ങി."

അതുതന്നെ, അവൾടെ സ്ഥിരം കഥ!

"ന്നാട്ടോ സുട്ടൂ? "

ആ മൊയലൻ കുളിച്ചു നടക്കാമ്പോയ കഥ തന്നെ.

"ആ മൊയലേ.. വെള്ളത്തിലെറങ്ങീട്ട്.. എന്നാട്ട് കളർപേനയെടുത്ത് ചിത്രം വരച്ചു."

"എങ്ങനെയാ ചിത്രം വരച്ചേ സുട്ടൂ?"

"അതേയ്, ആ മൊയല്... തോട്ടിലെ വെള്ളത്തില് ചിത്രം വരച്ചു അമ്മാ.."

സുട്ടു പറഞ്ഞു നിർത്തി.

കഥ തീർന്നു!

കാട്ടിലെ, മഞ്ഞേം പച്ചേം ചുമപ്പും നീലേം ഒക്കെ കലങ്ങിയ തോട്ടിൽ മുങ്ങിക്കുളിക്കണ സുട്ടൂനെ അമ്മ മനസ്സിൽ സങ്കൽപ്പിച്ചു.

✷





**കത്തുകൾ**
**അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

**9497172919**

# ഞാനും പ്രകൃതിയും

**ഞാ**ൻ പക്ഷികളെയും ശലഭങ്ങളെയും നിരീക്ഷിക്കാറുണ്ട്. എന്റെ അരളിച്ചെടിയിൽ ധാരാളം പുഴുക്കൾ വരാറുണ്ടായിരുന്നു. അതെല്ലാം അരളി ശലഭത്തിന്റെ ലാർവ ആണെന്ന് അറിയില്ലായിരുന്നു. തേൻകുരുവി കൂടുണ്ടാക്കുന്നത് രസകരമാണ്. എന്റെ നന്ത്യാർവട്ടച്ചെടിയിൽ, മഞ്ഞ പാപ്പാത്തി ശലഭത്തിന്റെ ജീവിതചക്രവും ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ ഞാൻ പ്രകൃതിയെ കൂടുതൽ ശ്രദ്ധയോടെ നിരീക്ഷിക്കാൻ ശ്രമിച്ചുകൊ ണ്ടിരിക്കുകയാണ്.

**ദുർഗ എസ്.ദിനേശ്,** 5 എ, എൻ.എസ്.എം.ജി.എച്ച്.എസ്., കൊട്ടിയം, കൊല്ലം.



# ഞാൻ കണ്ട പുഴ

**ഞ**ങ്ങൾ നടത്തിയ പുഴയാത്ര എത്ര രസകരമായിരുന്നെന്നോ. പുഴ കടന്നു മറുകര എത്തി. പുഴയുടെ തീരത്തെ സസ്യങ്ങളെ കണ്ടു. പുഴയിലെ പായൽ പിടിച്ച പാറകൾ കണ്ടു. അൽപം ചേറടിഞ്ഞ ഭാഗങ്ങളിൽ ഒത്തിരി തുമ്പികൾ പാറുന്നുണ്ടായിരുന്നു. ചെറുമീനുകളെ കണ്ടു. ഞങ്ങളുടെ പുഴയിലും പ്ലാസ്റ്റിക് മാലിന്യത്തിന് ഒട്ടും കുറവില്ലായിരുന്നു. പുഴയ്ക്കരികിലെ ചില കൊച്ചുമരങ്ങളും ക്രിസ്മസ് ട്രീ പോലെ, പലനിറമുള്ള പ്ലാസ്റ്റിക് വേസ്റ്റ് കൂടുകളാൽ അലങ്കരിക്കപ്പെട്ട് നിന്നിരുന്നു. പുഴയിലും മാലിന്യങ്ങൾക്ക് ഒട്ടും കുറവുണ്ടായിരുന്നില്ല. തൊട്ടടുത്തുള്ള ഫാക്ടറിയിലെ മാലിന്യം സോപ്പുപത പോലെ പുഴയിലേക്ക് ഒഴുകിവന്നിരുന്നു. എത്ര സുന്ദരിയായ പുഴയെയാണ് മനുഷ്യർ മത്സരിച്ച് മലിനപ്പെടുത്തുന്നത്? പുഴയോരത്തെ കുടുംബങ്ങളും മറ്റും ഒറ്റക്കെട്ടായി പുഴയെ മലിനമാക്കുന്നവർക്കെതിരെ ദൃഢനിശ്ചയമെടുത്താൽ കേരളം എത്ര സുന്ദരമാവും.

**സ്വാതി സരീഷ്,** എസ്.എം.ജി.എച്ച്.എസ്. കാഞ്ഞിരപ്പള്ളി, കോട്ടയം.

# ഞാനിനി നിരീക്ഷിക്കും



മുല്ലയുടെയും അരുളിച്ചീരയുടെയും ഇലകൾ ആരോതിന്ന് തീർക്കുന്നത് രാവിലെ നോക്കിയാൽ കാണാം. അമ്മ പറയുന്നത് കേട്ടിട്ടുണ്ട് എന്തോ പുഴുവാണതെന്ന്. എന്നാൽ ഞാനത് എന്താണെന്നുപോലും നോക്കിയിട്ടില്ല. പിന്നെയാണ് പൂമ്പാറ്റയുടെ പുഴുവാണെന്ന് മനസ്സിലായത്. ഒരു പ്യൂപ്പ ഇതുവരെ ശലഭമായി പുറത്തുവരുന്നത് ഞാൻ കണ്ടിട്ടില്ല. ബുൾബുൾക്കിളിയെ ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, അതിന്റെ കൂട് കണ്ടിട്ടില്ല. തുക്കണാം കുരുവിയെയും അതിന്റെ കൂടിനെയും കണ്ടിട്ടില്ല. ഇതൊന്നും ഇതുവരെ ശ്രദ്ധിക്കാനോ നിരീക്ഷിക്കാനോ എനിക്കായിട്ടില്ല. ഇനി ഇങ്ങനെ പലതും ഞാൻ അടുത്തറിയും. പ്രകൃതിയെ നിരീക്ഷിക്കും.

**അനഘ എസ് രാജേഷ്,** ജി. എൽ.പി.എസ്. മുഖത്തല, കൊല്ലം.

# കൂട്ടുകൃഷി

മലപ്പുറം ജില്ലയിലെ അരീക്കാട് എന്ന പ്രദേശത്താണ് ഞാൻ താമസിക്കുന്നത്. ഇവിടെ പഴംകുളം എന്ന ഒരു വലിയ കുളമുണ്ട്. അതിനു ചുറ്റിലുമായി ഈ പ്രദേശത്ത് താമസിക്കുന്ന എല്ലാ പ്രായത്തിലുമുള്ള കുറെ ആൾക്കാരുടെ ഒരു കൂട്ടായ്മയുണ്ട് 'പഴം കുളം കൂട്ടായ്മ'. കൂട്ടായി എന്തെങ്കിലും സംരംഭം തുടങ്ങിയാലോ എന്ന ലോക്ക് ഡൗൺ സമയത്തെ കൂടിയാലോചനയിലാണ് നെൽക്കൃഷി ചെയ്ത് അരീക്കാടിന്റെ പഴയ പാടശേഖരം തിരിച്ചുപിടിക്കാം എന്ന തീരുമാനത്തിൽ കൂട്ടായ്മ എത്തിച്ചേരുന്നത് . അരീക്കാടിനും തിരൂരിനും ഇടയിലായി ഏക്കറുകണക്കിന് വ്യാപിച്ചുകിടന്നിരുന്ന വയലുകൾ ചെറിയ തോതിലെങ്കിലും ഇന്ന് നാടിനു നഷ്ടമായി കഴിഞ്ഞിരിക്കുന്നു. ബാക്കി വരുന്നതിൽ ഏറെയും വർഷങ്ങളായി കൃഷി ഇറക്കാതെ തരിശായും കിടക്കുകയായിരുന്നു. ഇതിൽ കുറച്ചു വയലുകൾ കൂട്ടായ്മ ഏറ്റെടുത്ത് രണ്ട് തവണ ട്രാക്ടർ ഉപയോഗിച്ച് ഉഴുതു നിലമൊരുക്കി. താനാളൂർ പഞ്ചായത്ത് കൃഷി ഭവൻ നൽകിയ വിത്തുപയോഗിച്ച് ഞാറിട്ടു. താനാളൂരിനും തലക്കടത്തൂരിനും ഇടയിലൂടെ ഒരു ചെറു തോട് ഒഴുകുന്നുണ്ട്. കൃഷിക്കാവശ്യമായ വെള്ളം ഇതിലൂടെ ലഭിക്കുന്നു. ഇന്ന് ഞാറുനടലായിരുന്നു. നാടിനൊരു ഉത്സവമായിമാറിയിരിക്കുകയാണ് ഈ കൂട്ടുകൃഷി.



**ദാനിഷ്,** എ എം യു പി എസ് എച്ച് എൽ, അരീക്കാട്, തിരൂർ, മലപ്പുറം

### സമ്മാനച്ചോദ്യം തെരഞ്ഞെടുത്ത രചനകൾ

# നട്ടുവളർത്തി വിളവെടുത്ത് പാകം ചെയ്തപ്പോൾ...

**കൂട്ടുകാരേ,**
**ഒക്ടോബർ 16 ലോക ഭക്ഷ്യദിനവുമായി ബന്ധപ്പെട്ട് നിങ്ങളുടെ വീട്ടിൽ നട്ടുവളർത്തി, വിളവെടുത്ത് പാചകം ചെയ്തപ്പോൾ എന്തുതോന്നി എന്ന അനുഭവത്തെക്കുറിച്ച് എഴുതാൻ പറഞ്ഞിരുന്നു. ഒരുപാടു കൂട്ടുകാർ രചനകളുമായി പ്രതികരിച്ചു. ഇതാ തെരഞ്ഞെടുത്ത ചില രചനകൾ. വായിക്കൂ.**

## എന്റെ മുളകും വീട്ടിലെ സാമ്പാറും

കൃഷി എനിക്ക് വളരെ ഇഷ്ടമാണ്. കുടുംബമൊന്നിച്ചാണ് ഞങ്ങളുടെ കൃഷി. ഒരു ദിവസം ഉമ്മ ഒരു വിത്തു തന്നു. മുളകിന്റെ വിത്തായിരുന്നു. ഞാനത് മണ്ണ് കിളച്ച് കുഴിച്ചിട്ടു. അതു തൈ ആയി. പൂത്ത് കായിട്ടു. എന്നും വെള്ളം ഒഴിക്കും. ഉമ്മ പറഞ്ഞു നല്ല കുട്ടി. ഒരു ദിവസം സാമ്പാറിൽ അതിട്ടു. എന്റെ മുളകായതുകൊണ്ട് നല്ല സ്വാദുതോന്നി. അന്ന് ഞാൻ ഒരു പ്ലേറ്റ് നിറയെ ചോറ് ഉണ്ടു.

**ആയിഷ ബഷീർ,** 4 ാം തരം, എ എം എൽ പി സ്കൂൾ, തിരുർക്കാട്, മലപ്പുറം 679 321



ചിത്രീകരണം: **കൃഷ്ണേന്ദു എസ് നായർ,** 4, ജി യു പി എസ്, വേളമാനൂർ പി ഒ, പാരിപ്പള്ളി, കൊല്ലം–691 574.

## വീട്ടിലുണ്ടാക്കുന്ന കൊണ്ടാട്ടം

കൃഷി ഞാൻ ചെയ്യും. പക്ഷേ, പച്ചക്കറി കഴിക്കാൻ ഭയങ്കര മടിയാണ്. അമ്മയും ഞാനും വഴക്കടിക്കുന്നത് ഇതിനു തന്നെയാണ്. ഞങ്ങളുടെ വീട്ടിൽ കൂടുതലും ഗ്രോ ബാഗ് കൃഷിയാണ്. സർക്കാർ തന്ന സുഭിക്ഷ വിത്തുകളിൽ പയറും വെണ്ടയും ആണ് കൂടുതലായും ഉള്ളത്. മൂത്ത വെണ്ട ചെറുതായി അരിഞ്ഞ് ഉപ്പും കൂട്ടി ഉണക്കിയെടുക്കുന്ന കൊണ്ടാട്ടം എനിക്ക് വളരെ ഇഷ്ടമാണ്. മുളകുപൊടിയും മഞ്ഞൾപ്പൊടിയും ചിക്കൻമസാലയും അൽപ്പം ഉപ്പും ചേർത്ത് എണ്ണയിലിട്ട് നന്നായി മൊരിച്ചെടുത്ത് അവസാനം കുറച്ച് കറിവേപ്പിലയും കൂടി വിതറിയാൽ എന്ത് സ്വാദ്!

**ആയുഷ് എം,** 4 ാം തരം, എൻ എം. എ എൽ പി എസ്, കെ.പുരം, ഒഴൂർ, മലപ്പുറം 676 307

## എന്റെ കദളിക്കുല

ഞാൻ വാടകയ്ക്ക് താമസിക്കുന്നതുകൊണ്ട് കൃഷിയൊന്നും ചെയ്യില്ലായിരുന്നു. കഴിഞ്ഞ വർഷം അച്ചാച്ചൻ ഒരു വാഴവിത്ത് തന്നിട്ട് പറഞ്ഞു: “കൊണ്ടുപോയി പപ്പേക്കൊണ്ട് നടീക്ക്. പിടിക്കണെങ്കി പിടിക്കട്ടെ.” എന്റെ നിർബന്ധംകൊണ്ട് പപ്പ നട്ടു. അമ്മാമ്മ വന്ന് ചാണകം കൊണ്ടുവന്ന് ഇട്ടു. വാഴ കിളിച്ചു. വലിയ ഇലകളും വന്നു. നല്ല ചന്തം ആയിരുന്നു. അവസാനം കുല വന്നു. ഒരു മുട്ടൻ കദളിക്കുല. കുലയുടെ ഭാരംകൊണ്ട് ഒരു ദിവസം വാഴ ചെരിഞ്ഞപ്പോൾ ഞാൻ കരഞ്ഞു ബഹളം വച്ചു. പപ്പ കയറുകൊണ്ട് വാഴ യെ മാവിൽ പിടിച്ചുകെട്ടി. വിളഞ്ഞ് പാകമായപ്പോൾ പപ്പ കുലവെട്ടി ചാക്കിൽ കെട്ടി. കുറച്ച് ദിവസമായപ്പോൾ പഴുത്തു. നല്ല രുചി. പുറത്തുനിന്നും മേടിക്കുന്നതിലും രുചിയുണ്ടെന്ന് മനസ്സിലായി. പച്ചക്കറികളും പഴങ്ങളും നമുക്ക് വീട്ടിൽ തന്നെ കൃഷിചെയ്തൂടേ...

**അനഘ എസ് രാജേഷ്,** 4 ാം തരം, ജി എൽ പി എസ് മുഖത്തല, കൊല്ലം

## എന്റമ്മോ... വാഴ വിഭവങ്ങൾ

ഞങ്ങളുടെ വീട്ടിൽ വാഴയുമുണ്ട് മരച്ചീനിയുമുണ്ട്. ആഴ്ചയിൽ ഒരിക്കൽ വാഴക്കുമ്പ് തോരനോ പിണ്ടിത്തോരനോ നിർബന്ധമായും വയ്ക്കും. ചേച്ചിയും ഞാനും ഇത് കഴിച്ച് കഴിച്ച് മടുത്തു. എന്നാലും

Volume 42 No. 13 Eureka 2020 December 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sastra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

അമ്മ വയ്ക്കുന്നത് മുടക്കില്ല. ഇത് വയ്ക്കുന്ന നാൾ അമ്മ ഒഴിച്ചുകറി വയ്ക്കില്ല. "തോരൻ ചോറിൽ പെരട്ടി കഴിക്കണം", അമ്മ പറയും. മീൻ കറിയും വെക്കും. മനസ്സില്ലാ മനസ്സോടെ ഞങ്ങളതുണ്ണും. ചേച്ചി അച്ഛനോട് വിളിച്ചുപറയും: "അച്ഛാ അമ്മയോട് ഒരു പപ്പടമെങ്കിലും കാച്ചിത്തരാൻ പറയൂ..." അമ്മ അനുസരിക്കില്ല. നാരടങ്ങിയ ഭക്ഷണങ്ങൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും കഴിക്കണമെന്നാണ് അമ്മയുടെ പോളിസി. ഞാൻ അങ്ങനെ ഞങ്ങളുടെ വാഴവിഭവങ്ങളുമായി മല്ലിടുന്നു. എങ്ങനെയുണ്ട് ഞങ്ങളുടെ കൃഷി അനുഭവം?

**അമേയ എ എസ്,** 4 ാം തരം, ജി എൽ പി എസ് പന്മന മനയിൽ, കൊല്ലം.



ചിത്രീകരണം: **നിയ സൂരജ് കെ,** കീഴത്തൂർ യു പി എസ്, പാതിരിയാട്, കണ്ണൂർ–670641.

## നട്ടു.. പറിച്ചു.. കഴിച്ചു

സ്കൂളിൽ നിന്നാണ് നിത്യവഴുതനയുടെ അരി വീട്ടിൽ കൊണ്ടുവന്ന് നട്ടത്. പരിപാലിച്ച് വെള്ളമൊഴിച്ച് വളമിട്ടു. അതിൽ കായ ഉണ്ടായി. മൂത്ത് പാകമായപ്പോൾ അമ്മൂമ്മ പറിച്ചു. ഞാനും സഹായിച്ചു. അതുകൊണ്ട് മെഴുക്കുപുരട്ടി ഉണ്ടാക്കിത്തന്നു. എന്താ സ്വാദ്! സ്വന്തമായി നട്ടതിന്റെ സ്വാദ് കഴിച്ചാലേ അറിയൂ...

**കീർത്തന ചന്ദ്രൻ,** 5 ാം തരം, ജി.എച്ച്.എസ്.എസ്. ശൂരനാട്, കൊല്ലം.

## നല്ല രുചി

അമ്മ തന്ന തക്കാളിത്തൈ ചാക്കിലാണ് ഞാൻ നട്ടത്. നല്ല ഉയരത്തിൽ വളർന്നു. പച്ചക്കറി വേസ്റ്റ് ഇടുമായിരുന്നു. ഒരു മഴയത്ത് അത് ഒടിഞ്ഞുവീണു. അമ്മ കമ്പുകൊണ്ട് താങ്ങിനിർത്തി. കുറച്ചു നാൾ കഴിഞ്ഞ് ചെടി പൂത്തു. പിന്നെ നെല്ലിക്കാവലിപ്പത്തിൽ കാ പിടിച്ചു. പഴുത്തപ്പോൾ പറിച്ചെടുത്ത് കറി വെച്ചു. നല്ല രുചി. കടയിൽനിന്ന് വാങ്ങുന്നതിനേക്കാൾ നല്ല രുചി.

**ദുർഗ ദിനേശ്,** 5 എ, എൻ എസ് എം ജി എച്ച് എസ് കൊട്ടിയം, കൊല്ലം

# ആരെന്ന് പറയാമോ?

ഒക്ടോബർ 1
2020



*ഈ ചേട്ടനെയും അനിയത്തിയെയും നിങ്ങൾക്ക് പരിചയമുണ്ടോ? ഏതു കൃതിയിലെ കഥാപാത്രങ്ങളാണിവർ?*

**ഉത്തരം :** ഒരു കുടയും കുഞ്ഞു പെങ്ങളും. കഥാപാത്രങ്ങൾ ബേബിയും ലില്ലിയും

## സമ്മാനാർഹർ

**നന്ദന കൃഷ്ണ ഇ.വി,** 7 ബി, ബാലാനുബോധിനി യു.പി.സ്കൂൾ, മേത്തല പി.ഒ., കൊടുങ്ങല്ലൂർ.
**വരുൺ എ,** 6 ാം തരം, വി.ആർ.യു.പി.സ്കൂൾ, മുതുക്കുറുശ്ശി, മലപ്പുറം.

Date of Publication : 25/11/2020 EUREKA Price : ₹ 17.00
ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78

# കുരുന്നില

കുഞ്ഞുങ്ങൾക്കും
രക്ഷിതാക്കൾക്കും
പ്രീസ്കൂൾ പ്രവർത്തകർക്കും
കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ഉപഹാരം




അഞ്ചുവയസ്സ് വരെ ഉള്ളവർക്ക് കാണാനും പറയാനും വായിച്ചുകേൾക്കാനും
അഞ്ചുവയസ്സിനു മുകളിലുള്ളവർക്ക് കാണാനും വായിച്ചുതുടങ്ങാനും

ഇപ്പോൾ
പോസ്റ്റ് പബ്ലിക്കേഷൻ ഓഫർ

പ്രത്യേക വില
**₹ 1500/-**

75 രചനകൾ
34 പുസ്തകങ്ങൾ 10 കാർഡുകൾ
31 എഴുത്തുകാർ 30 ചിത്രമെഴുത്തുകാർ
മേന്മയുള്ള കടലാസ്
600 ൽ അധികം പേജുകൾ

പ്രാദേശിക പരിഷത്ത് പ്രവർത്തകരെ
ബന്ധപ്പെടുക.
നേരിട്ട് തപാലിൽ ലഭിക്കാൻ
പണമടയ്ക്കുക :
A/C No: 10256537630
(SBI - THRISSUR

IFSC - SBIN0008679
NAME: TREASURER, KSSP



**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**
പരിസരകേന്ദ്രം, പരിഷത്ത് ലെയിൻ, ഗുരുവായൂർ റോഡ്, തൃശ്ശൂർ 680 004
ഫോൺ: 0487 2381084, 9446382813, E mail: publicationkssp@gmail.com